GOVERNMENT OF TAMILNADU

മൂന്നാം ക്ലാസ്

STANDARD THREE

TERM - 2

ഘട്ടം - 2

മലയാളം

MALAYALAM READER

Department of School Education

Untouchability is inhuman and a crime

Government of Tamil Nadu

First Edition - 2026

(Published under New Syllabus in Trimester Pattern)

Price : Rs.

A call can change your life (24×7 toll free helplines for children below 18 years)

If you are forced into
Child Marriage or Child Labour,
If you are Emotionally,
Physically, Sexually
Harassed or Abused,

If you feel unsafe dial CHILDLINE 1098 Night & Day

Caller details will be kept confidential

If you are feeling Threatened or
being Abused or Harassed –
Emotionally, Physically or Sexually,
If you are feeling unsafe,
If you need guidance for
Examinations or Higher Education

Dial 14417

Caller details will be kept confidential

14417 Education Information Centre

Content Creation

State Council of Educational Research and Training

© SCERT 2026

Printing & Publishing

Tamil Nadu Textbook and Educational Services Corporation

Foreword

The early years of childhood are a time of wonder-when curiosity is boundless, imagination is vivid, and every experience becomes a step in the journey of learning. These textbooks for Classes 1 to 3 have been developed to honour this spirit, creating a learning experience that is joyful, meaningful, and engaging.

Developed as part of the **Tamil Nadu State Education Policy-2025**, these books mark a significant step towards strengthening foundational education in the State. The vision and direction provided by the **Hon'ble Minister for School Education** have ensured that the policy's emphasis on child-centred, competency-based, and inclusive learning is meaningfully reflected in these materials.

The leadership of the **Additional Chief Secretary,** School Education has been instrumental in ensuring the integration of 21st-century skills and knowledge, and in shaping the textbooks into engaging story-driven learning experiences.

This is further reflected in a competency-based approach to curriculum and assessment that moves beyond rote learning to foster deep conceptual understanding and meaningful application. The integration of value education to build character, along with life skills, art and motor skill development, enables the holistic development of the child.

The members of the High-Level Curriculum Expert Committee, the Chairperson and the members of the Curriculum Development Committee, have provided constant guidance, shaping and refining these materials through their insights and expertise, alongside the contributions of educators and practitioners acknowledged elsewhere in this book.

At this foundational stage, learning must build strong foundations while supporting the overall development of the child. These textbooks bring together a carefully designed set of features that make learning active, engaging, and meaningful:

- Opportunities for speaking and listening, building confidence in expression
- Activities that strengthen logical thinking and conceptual understanding
- Integrated spaces for reading and writing practice within lessons
- Fine and gross motor skill development through drawing, colouring, tracing, and movement-based tasks
- Simple avenues for independent learning and self-reflection

The books also integrate values and life skills, helping children develop empathy, cooperation, responsibility and confidence.

Learning is guided by a competency-based approach that moves beyond memorisation towards understanding and application. Assessment is embedded within the learning process, making it continuous, meaningful and supportive.

These textbooks are learning companions that invite children to explore, think and express. They represent a shared commitment to enabling every child to learn with joy, grow with confidence, and build a strong foundation for the future-advancing a vision of **"Education reimagined, inclusive, equitable, and future-ready".**

DIRECTOR
State Council of Educational
Research and Training (SCERT)
Tamil Nadu

THE CONSTITUTION OF INDIA

PREAMBLE

WE, THE PEOPLE OF INDIA, having solemnly resolved to constitute India into a **SOVEREIGN SOCIALIST SECULAR DEMOCRATIC REPUBLIC** and to secure to all its citizens:

JUSTICE, social, economic and political;

LIBERTY of thought, expression, belief, faith and worship;

EQUALITY of status and of opportunity;

and to promote among them all

FRATERNITY assuring the dignity of the individual and the unity and integrity of the Nation;

IN OUR CONSTITUENT ASSEMBLY this twenty-sixth day of November, 1949, do **HEREBY ADOPT, ENACT AND GIVE TO OURSELVES THIS CONSTITUTION.**

ദേശീയ ഗാനം

ജനഗണമന അധി നായക ജയഹേ
ഭാരത ഭാഗ്യവിധാതാ
പഞ്ചാബ് സിന്ധു ഗുജറാത്ത മറാഠാ
ദ്രാവിഡ ഉത്കല വംഗാ
വിന്ധ്യ ഹിമാചല യമുനാ ഗംഗാ
ഉച്ഛല ജലധി തരംഗാ
തവശുഭ നാമേ ജാഹേ
തവശുഭ ആശിഷ മാഗേ
ഗാഹേ തവ ജയ ഗാഥാ
ജനഗണമംഗള ദായക ജയഹേ
ഭാരത ഭാഗ്യവിധാതാ
ജയഹേ ജയഹേ ജയഹേ
ജയ ജയ ജയ ജയഹേ!

-മഹാകവി രവീന്ദ്രനാഥ ടാഗോർ.

ദേശീയഗാനം-സാരം

ഭാരതഭൂമിയുടെ ഭാഗ്യവിധാതാവേ! ജനസമൂഹത്തിന്റെ ഹൃദയാധിനാഥനായ അങ്ങ് വിജയിക്കട്ടെ! പഞ്ചാബ്, സിന്ധ്, ഗുജറാത്ത്, മറാഠ, ദ്രാവിഡം, വംഗം ആദിയായ പ്രദേശങ്ങളും വിന്ധ്യഹിമാചലാദി പർവ്വതങ്ങളും മഹാസമുദ്രത്തിന്റെ തിരമാലകളും അങ്ങയുടെ ശുഭനാമംഉരുവിട്ടുകൊണ്ടിരിക്കുന്നു. അങ്ങയുടെ മംഗളാശിസ്സുകൾ തേടിക്കൊണ്ടിരിക്കുന്നു. അങ്ങയുടെ ജയഗാഥകൾ പാടിക്കൊണ്ടിരിക്കുന്നു. ഭാരതഭൂമിയുടെ ഭാഗ്യവിധാതാവേ! ജനസമൂഹത്തിന് ഗുണപ്രദായകനായ അങ്ങ് മേൽക്കുമേൽ വിജയിക്കട്ടെ. അങ്ങേയ്ക്ക് മേൽക്കുമേൽ വിജയമുണ്ടാകട്ടെ.



തമിഴ്ത്തായ് വാഴ്ത്ത്

നീരാരും കടലുടുത്ത നിലമടന്തൈ ക്കെഴിലൊഴുകും
ശീരാരും വദനമെന ത്തികഴ്ഭരത ഖണ്ഡമിതിൽ
തെക്കണമും അതിർശിറന്ത തിരാവിട നൽതിരുനാടും
തക്കശിറു പിറൈനുതലും തരിത്തനറും തിലകമുമേ!
അത്തിലക വാസനൈപോൽ അനൈത്തുലകും ഇൻപമുറ
എത്തിസൈയും പുകഴ്മണങ്ക ഇരുന്തപെരും തമിഴണങ്കേ!
തമിഴണങ്കേ!
ഉൻ സീരിളമൈ ത്തിറംവിയന്തു ശെയൽമറന്തു വാഴ്ത്തുതുമേ!
വാഴ്ത്തുതുമേ!
വാഴ്ത്തുതുമേ!

– 'മനോന്മണിയം' പെ. സുന്ദരനാർ.



തമിഴ് മാതൃവന്ദനം – ആശയം

തിരമാലകളുടെ ആരവത്തോടുകൂടിയ സമുദ്രമെന്ന നീലജലാശയമാകുന്ന പുടവയണിഞ്ഞ സ്ത്രീയുടെ അഴകാർന്നതും ഐശ്വര്യപൂർണ്ണവുമായ മുഖമായി ഭാരതഭൂമി പരിലസിക്കുന്നു. ഈ ഭൂവിഭാഗത്തിലെ ദക്ഷിണദേശത്ത് മികച്ചതും മനോജ്ഞവുമായ ദ്രാവിഡനാട് പ്രകാശിക്കുന്നു. കുങ്കുമ തിലകത്തിൽ നിന്ന് പ്രസരിക്കുന്ന സുഗന്ധമെന്ന പോലെ ലോകത്തിന് ആനന്ദം പ്രദാനം ചെയ്യും വിധം ദിക്കെങ്ങും കീർത്തി പരത്തി വിലസുന്ന തമിഴ് സ്ത്രീ രത്നമേ, എന്നെന്നും യൗവനയുക്തയായിരിക്കുന്ന ഭവതിയുടെ സവിശേഷ പ്രാവിണ്യം കണ്ട് അത്ഭുതാദരങ്ങളോടെ നിന്നെ ഞങ്ങൾ സ്തുതിക്കുന്നു.

ആമുഖം

> **മധുരമധുരമീ മലയാളം...**
> **മധുമതി മനോഹരം മലയാളം.... – തുഞ്ചത്ത് രാമാനുജൻ എഴുത്തച്ഛൻ.**

തമിഴ്നാടിന്റെ സവിശേഷമായ സംസ്കാരം, ഭാഷ, സാമൂഹിക പാരമ്പര്യം എന്നിവയ്ക്ക് മുൻഗണന നൽകിക്കൊണ്ട് തമിഴ്നാട് സംസ്ഥാന വിദ്യാഭ്യാസ നയം 2025 രൂപീകരിച്ചിട്ടുണ്ട്. ഇത് കുട്ടികൾക്കുള്ള നിർബന്ധിത വിദ്യാഭ്യാസത്തിന്റെ പ്രധാന ഏകീകൃത ഘടകമായി അടിസ്ഥാന സാക്ഷരതയെ' സൂചിപ്പിക്കുന്നു. തമിഴ്നാട്ടിലെ ഓരോ കുട്ടിയും പ്രായത്തിനനുസരിച്ചുള്ള കേൾവി, സംസാരം, വായന, എഴുത്ത് തുടങ്ങിയ ആജീവനാന്ത അടിസ്ഥാന ഭാഷാ നൈപുണ്യങ്ങൾ നേടണമെന്ന് ഇത് ഊന്നിപ്പറയുന്നു. എല്ലാ പാഠങ്ങളും പഠിക്കുന്നതിനുള്ള അടിസ്ഥാനം ഭാഷാപഠനമായതിനാൽ, കുട്ടികളുടെ സഹജമായ കഴിവുകൾ കണ്ടെത്തുന്നതിനും മെച്ചപ്പെടുത്തുന്നതിനും, സമൂഹത്തോട് ചേർന്ന് ജീവിക്കാൻ അവരെ സഹായിക്കുന്നതിനുമായാണ് ഈ പാഠപുസ്തകം രൂപകൽപ്പന ചെയ്തിരിക്കുന്നത്.

ചുറുചുറുക്കോടെ എന്തിനെയും അന്വേഷിച്ചു കണ്ടെത്തുന്ന കുട്ടികളുടെ സ്വഭാവം മനസ്സിലാക്കി, അവർക്ക് പ്രിയപ്പെട്ടതും അടുത്തറിയുന്നതുമായ കാര്യങ്ങൾ ഉൾപ്പെടുത്തി ഈ പുസ്തകത്തിലെ പാഠങ്ങൾ, പരിശീലനങ്ങൾ, ഭാഷാ ഗെയിമുകൾ എന്നിവ താഴെ പറയുന്ന രീതിയിൽ നൽകിയിരിക്കുന്നു.



പാഠ്യപദ്ധതി ഘടന

അക്ഷരങ്ങൾ പരിചയപ്പെടുത്തുന്നതിനായി വാക്കുകളെ കടങ്കഥകളിലൂടെ കുട്ടികൾ തന്നെ സ്വയം അന്വേഷിച്ചു കണ്ടെത്തുന്ന രീതിയിലാണ് പാഠഭാഗങ്ങൾ ക്രമീകരിച്ചിരിക്കുന്നത്. ഈ സമീപനം കുട്ടികളുടെ താൽപ്പര്യം വർദ്ധിപ്പിക്കുകയും പഠനത്തെ ശക്തിപ്പെടുത്തുകയും ചെയ്യുന്നു. കുട്ടികൾ നേടേണ്ട അടിസ്ഥാന ഭാഷാ നൈപുണ്യങ്ങളായ കേൾവി, സംസാരം, വായന, എഴുത്ത് എന്നിവയ്ക്കായുള്ള പാഠങ്ങൾ പാഠപുസ്തകത്തിൽ താഴെ പറയുന്ന രീതിയിൽ നൽകിയിരിക്കുന്നു.

1. **കുട്ടിപ്പട്ടാളം**
   - കുട്ടികൾ തങ്ങളുടെ അനുഭവങ്ങൾ, ദേശഭക്തി എന്നിവ പങ്കുവയ്ക്കാനും, സന്തോഷത്തോടെ പാടാനും, വായനയിലേക്കും എഴുത്തിലേക്കും പ്രവേശിക്കാൻ അവരെ സജ്ജരാക്കുന്നതിനുമുള്ള പാഠം.

2. **കാട്ടിലെ സഭ**
   - കഥകളിലൂടെ അക്ഷരങ്ങളുടെ ശബ്ദം, രൂപം എന്നിവ തിരിച്ചറിയാൻ സഹായിക്കുന്ന പാഠം.
   - ലളിതമായ പാട്ടുകളിലൂടെ അക്ഷരങ്ങളുടെ ശബ്ദം, രൂപം തിരിച്ചറിയാനും ഉച്ചരിക്കാനും സഹായിക്കുന്ന പാഠം.

അടിസ്ഥാന നൈപുണ്യങ്ങൾ വികസിപ്പിക്കുന്നതിനുള്ള പരിശീലന പ്രവർത്തനങ്ങൾ

കേൾവിയും സംസാരവും:
കേൾക്കുന്നത് മനസ്സിലാക്കുകയും സ്വന്തം ഭാഷയിൽ സംസാരിക്കുകയും ചെയ്യുക.

വായന:
അക്ഷരങ്ങൾ തിരിച്ചറിഞ്ഞ് ഉച്ചരിക്കുക.

എഴുത്ത്:
അക്ഷരങ്ങളുടെ രൂപം മനസ്സിലാക്കി എഴുതുക.

പഠനനേട്ടങ്ങൾ ഉറപ്പാക്കുന്നതിനുള്ള മൂല്യനിർണ്ണയം

- പഠനനേട്ടങ്ങൾ വീണ്ടും ഓർത്തെടുക്കുന്ന ഭാഗം – ചെയ്തു പരിശീലിക്കാം
- പഠന ഫലങ്ങൾ വിലയിരുത്തുന്ന ഭാഗം – പഠനയാത്ര
- കുട്ടികൾ തങ്ങൾ പഠിച്ചത് സ്വയം മനസ്സിലാക്കുന്ന ഭാഗം – ഞാൻ പഠിച്ചത്
- ഓരോ യൂണിറ്റിലുമുള്ള വളർച്ച വിലയിരുത്തുന്ന ഭാഗം – ഞാൻ ചെയ്യും

ഗ്രൂപ്പ് പ്രവർത്തനങ്ങൾ: തനിച്ച് അല്ലെങ്കിൽ കൂട്ടായുള്ള പ്രവർത്തനങ്ങൾ.

കഥ, പാട്ട്, സംസാരം, വായന, എഴുത്ത്: ഇവയ്ക്കുള്ള തന്ത്രങ്ങൾ.

പഠന ഫലങ്ങൾ: കുട്ടികൾ കൈവരിക്കേണ്ട ലക്ഷ്യങ്ങൾ.

അധിക വിവരങ്ങൾ: പാട്ടുകൾ, കഥകൾ, പരിശീലനങ്ങൾ.

മൂല്യനിർണ്ണയ മാനദണ്ഡങ്ങൾ (Rubrics)

ചുരുക്കത്തിൽ, ഓരോ കുട്ടിയും ആജീവനാന്ത പഠനത്തിന് ആവശ്യമായ ശക്തമായ അടിത്തറ നേടുന്നതിനൊപ്പം, അടിസ്ഥാന സാക്ഷരത എന്ന ലക്ഷ്യം കൈവരിക്കാനും ഈ പാഠപുസ്തകം സഹായിക്കുന്നു.

മലയാളം

മൂന്നാം ക്ലാസ്

യൂണിറ്റ്	ശീർഷകം	പേജ് നമ്പർ
1.	കുട്ടിപ്പട്ടാളം	01
2.	കാട്ടിലെ സഭ	28



1. എന്നെക്കുറിച്ച്.....

(കുട്ടികൾക്ക് സ്വയം പരിചയപ്പെടുത്താൻ ഏറ്റവും അനുയോജ്യമായ രീതിയാണിത്.)

എന്റെ പേര്: _____.

ഞാൻ _____ ാം ക്ലാസ്സിലാണ് പഠിക്കുന്നത്.

എനിക്ക് _____ വയസ്സുണ്ട്.

എന്റെ വീട് _____ എന്ന സ്ഥലത്താണ്.

എനിക്ക് ഏറ്റവും ഇഷ്ടപ്പെട്ട നിറം _____ ആണ്.

2. എന്റെ കൊച്ചു കുടുംബം

(കുടുംബാംഗങ്ങളെക്കുറിച്ച് എഴുതാൻ ഇത് സഹായിക്കും.)

എന്റെ അച്ഛന്റെ പേര് _____ എന്നാണ്.

എന്റെ അമ്മയുടെ പേര് _____ എന്നാണ്.

എനിക്ക് ഒരു _____ (അനുജൻ/അനുജത്തി/ചേട്ടൻ/ചേച്ചി) ഉണ്ട്.

ഞങ്ങൾ എല്ലാവരും ഒന്നിച്ച് ഭക്ഷണം കഴിക്കാൻ ഇഷ്ടപ്പെടുന്നു.

അമ്മ ഉണ്ടാക്കുന്ന _____ എനിക്ക് വലിയ ഇഷ്ടമാണ്.

ഞാൻ എന്നെക്കുറിച്ച്
പറയാം, നിങ്ങളും പറയുക.



1 കുട്ടിപ്പട്ടാളം



വരിവരിയായി നടക്കുവിൻ നിങ്ങൾ
ഇടംവലം വച്ചുടൻ നീങ്ങുവിൻ മുന്നോട്ട്,
കയ്യിലൊരു ചെറിയ കോലുമേന്തി
കൊണ്ടയ്യയ്യോ പതറാതെ പോകുവിൻ
ധീരർ!

നമ്മളൊരു കൊച്ചു പട്ടാളമല്ലോ,
നമ്മളീ നാടിന്റെ കാവൽക്കാരല്ലോ!
ശത്രുക്കൾ വന്നാലെതിർത്തു
തോൽപ്പിക്കാൻ
ഒട്ടുമേ ഭയമില്ലാതുയരുവിൻ നിങ്ങൾ !

കുമാരനാശാൻ

അധ്യാപകക്കുറിപ്പ്:
ഈ കവിത കുട്ടികളുടെ വായനാപ്രാപ്തിയും വ്യാകരണവും ദേശഭക്തിയും ധീരതയും വളർത്താൻ സഹായിക്കുന്ന വിധത്തിൽ അവതരിപ്പിക്കേണ്ടതാണ്.

അർത്ഥം കണ്ടെത്താം

1. പതറാതെ – ഭയപ്പെടാതെ
2. ധീരർ – പേടിയില്ലാത്തവർ
3. കാവൽക്കാർ – സംരക്ഷിക്കുന്നവർ
4. എതിർക്കുക – ചെറുത്തുനിൽക്കുക
5. ഭയം – പേടി

വിപരീതപദം എഴുതുക

1. ഇടം × വലം
2. മുന്നോട്ട് × പിന്നോട്ട്
3. ചെറിയ × വലിയ
4. ധീരർ × ഭീരുക്കൾ
5. ഭയം × നിർഭയം

മാതൃക പോലെ എഴുതാം (പദഘടന)

1. വരി – വരിവരിയായി
2. കൂട്ടം – _____
3. നേരെ – _____
4. മണി – _____
5. നിര – _____

ചോദ്യങ്ങൾക്ക് ഉത്തരം എഴുതാം

1. കുട്ടികളോട് എങ്ങനെ നടക്കാനാണ് കവി വരികളിൽ ആവശ്യപ്പെടുന്നത്?

   ഉത്തരം: _____

2. നടക്കുമ്പോൾ കൈകളിൽ എന്താണ് ഏന്തിയിരിക്കേണ്ടത്?

   ഉത്തരം: _____

3. പതറാതെ മുന്നോട്ട് പോകുന്നവരെ കവി എന്തെന്നാണ് വിശേഷിപ്പിച്ചിരിക്കുന്നത്?

   ഉത്തരം: _____

4. 'നമ്മളീ നാടിന്റെ കാവൽക്കാരല്ലോ' - ഇവിടെ നമ്മൾ എന്ന് ഉദ്ദേശിക്കുന്നത് ആരെയാണ്?

   ഉത്തരം: _____

5. ശത്രുക്കൾ വന്നാൽ എന്ത് ചെയ്യണമെന്നാണ് കവിതയിൽ പറയുന്നത്?

   ഉത്തരം: _____

6. ശത്രുക്കളെ എതിർത്തു തോൽപ്പിക്കാൻ നമ്മൾ എങ്ങനെയാണ് ഉയരേണ്ടത്?

   ഉത്തരം: _____

ചിത്രം വരച്ച് നിറം നൽകാം

നമ്മുടെ ദേശീയ പതാകയുടെ ചിത്രം വരച്ച് നിറം നൽകാം.

വിട്ടുപോയ വരികൾ പൂരിപ്പിക്കാം

1. വരിവരിയായി നടക്കുവിൻ നിങ്ങൾ, ഇടംവലം വച്ചുടൻ നീങ്ങുവിൻ
   _____

2. നമ്മളൊരു കൊച്ചു പട്ടാളമല്ലോ, നമ്മളീനാടിന്റെ
   _____

3. ശത്രുക്കൾ വന്നാലെതിർത്തു തോൽപ്പിക്കാൻ ഒട്ടും
   _____ ഉയരുവിൻ നിങ്ങൾ.

പദങ്ങൾക്കുള്ളിലെ പദങ്ങൾ കണ്ടെത്തുക

കാവൽക്കാർ _____, _____, _____.

കൂട്ടത്തിൽ ചേരാത്തത് കണ്ടെത്താം

1. ധീരൻ, പേടിയില്ലാത്തവൻ, ഭയമുള്ളവൻ, ധൈര്യശാലി.
   ഉത്തരം: _____

2. കോൽ, വാൾ, തോക്ക്, പുസ്തകം
   ഉത്തരം: _____

'നമ്മുടെ കൊച്ചു പ്രതിജ്ഞ' (കൂട്ടായ പ്രവർത്തനം)



കവിതയിലെ 'നാടിന്റെ കാവൽക്കാർ' എന്ന ആശയം മുൻനിർത്തി കുട്ടികളോട് ഏതെങ്കിലും ഒരു പ്രതിജ്ഞ തയ്യാറാക്കി എഴുതാൻ ആവശ്യപ്പെടുക.

പാടി രസിക്കാം

നാടിന്റെ മക്കൾ നമ്മൾ
ഭാരതമെന്നൊരു നാടാണേ
നമ്മൾ ജനിച്ചൊരു നാടാണേ!
വരിവരിയായി വന്നേക്കൂ,
കൈകൾ കോർത്തു പിടിച്ചേക്കൂ,
ജാതിയും മതവും നോക്കില്ല,
തമ്മിൽ തല്ലുകയില്ലിനിമേൽ
ഒന്നായ് നമ്മൾ വളർന്നീടും
നാടിൻ നന്മ വളർത്തീടും!
മാമല കാക്കും നാടാണേ
പുഴകൾ ഒഴുകും നാടാണേ!
ഈ നല്ല നാടിൻ കാവൽക്കാരായ്
നിൽക്കും നമ്മൾ മക്കളായ്!
ഭാരതമെന്നൊരു നാടാണേ,
നമ്മൾ ജനിച്ചൊരു നാടാണേ!
ഒന്നായ് നമ്മൾ പാടീടാം
'ജയ് ജയ് ഭാരത്' ചൊല്ലീടാം!





ആമുഖം

നമ്മുടെ ദേശീയഗാനമായ 'ജനഗണമന' എഴുതിയത് ആരാണെന്ന് കൂട്ടുകാർക്ക് അറിയാമോ? അത് മറ്റാരുമല്ല, നമ്മുടെ പ്രിയപ്പെട്ട കവി രവീന്ദ്രനാഥ ടാഗോറാണ്. ഇദ്ദേഹം 1912 ജനുവരിയിൽ തത്ത്വബോധിനിപത്രിക എന്ന ബംഗാളി മാസികയിലാണ് ആദ്യമായി ഇത് പ്രസിദ്ധീകരിച്ചത്. ഭാരതമാതാവിന്റെ ഈ പ്രിയ പുത്രനെ എല്ലാവരും ആദരവോടെ 'ഗുരുദേവൻ' എന്നും വിളിച്ചിരുന്നു. കവി, കഥാകൃത്ത്, ചിത്രകാരൻ, ചിന്തകൻ എന്നിങ്ങനെ പല മേഖലകളിൽ തിളങ്ങിയ ഒരു മഹാനായിരുന്നു അദ്ദേഹം.

ബാല്യകാലം

1861 മെയ് 7ന് കൊൽക്കത്തയിലെ ഒരു വലിയ സമ്പന്ന കുടുംബത്തിലാണ് ടാഗോർ ജനിച്ചത്. ചെറുപ്പത്തിൽ അദ്ദേഹത്തിന് സ്കൂളിൽ പോയി പഠിക്കുന്നതിനേക്കാൾ ഇഷ്ടം പ്രകൃതിയെ നിരീക്ഷിക്കാനായിരുന്നു. മരങ്ങളും പക്ഷികളും പൂക്കളുമെല്ലാം അദ്ദേഹത്തിന്റെ കൂട്ടുകാരായിരുന്നു. വളരെ ചെറിയ പ്രായത്തിൽ തന്നെ അദ്ദേഹം മനോഹരമായ കവിതകൾ എഴുതാൻ തുടങ്ങിയിരുന്നു.



ഗീതാഞ്ജലിയും നോബൽ സമ്മാനവും

ടാഗോർ എഴുതിയ കവിതകളിൽ ഏറ്റവും പ്രശസ്തമായ ഒന്നാണ് 'ഗീതാഞ്ജലി'. ഈ പുസ്തകത്തിന് 1913 ൽ ലോകത്തിലെ ഏറ്റവും വലിയ പുരസ്കാരമായ 'നോബൽ സമ്മാനം' ലഭിച്ചു. സാഹിത്യത്തിന് നോബൽ സമ്മാനം നേടുന്ന ആദ്യത്തെ ഇന്ത്യക്കാരനും ആദ്യത്തെ ഏഷ്യക്കാരനുമാണ് ഇദ്ദേഹം. ഇത് നമ്മുടെ രാജ്യത്തിന് വലിയൊരു ബഹുമതി ആയിരുന്നു.

വിശ്വഭാരതി സർവകലാശാല



കുട്ടികൾ നാല് ചുവരുകൾക്കുള്ളിൽ ഇരുന്ന് മാത്രം പഠിച്ചാൽ പോരാ, പ്രകൃതിയോട് ഇണങ്ങി ജീവിച്ച് പഠിക്കണം എന്ന് ടാഗോർ ആഗ്രഹിച്ചു. അതിനായി അദ്ദേഹം ശാന്തിനികേതനിൽ 'വിശ്വഭാരതി' എന്ന പേരിൽ ഒരു വിദ്യാലയം 1901ൽ സ്ഥാപിച്ചു. അവിടെ മരത്തണലിലിരുന്നാണ് കുട്ടികൾ വിദ്യ അഭ്യസിച്ചിരുന്നത്. ഇത് ഇന്ന് വളരെ പ്രശസ്തമായ വിശ്വഭാരതി സർവകലാശാലയായി വികസിച്ചിരിക്കുന്നു.

ഉപസംഹാരം

ഭാരതത്തിന്റെ സംസ്കാരത്തെ ലോകമെങ്ങും എത്തിച്ച ടാഗോർ 1941 ഓഗസ്റ്റ് 7ന് അന്തരിച്ചു. അദ്ദേഹം ഇന്ന് നമ്മളോടൊപ്പമില്ലെങ്കിലും, അദ്ദേഹം എഴുതിയ കവിതകളിലൂടെയും ഗാനങ്ങളിലൂടെയും നമ്മുടെ മനസ്സിൽ എന്നും ജീവിക്കുന്നു. ടാഗോറിന്റെ ജീവിതം നമ്മെയെല്ലാം എപ്പോഴും നല്ല കാര്യങ്ങൾ ചെയ്യാൻ പ്രേരിപ്പിക്കുന്ന ഒരു വലിയ മാതൃകയാണ്.

അർത്ഥം കണ്ടെത്താം

1. ആദരവ് = ബഹുമാനം
2. ബാല്യം = ചെറുപ്പകാലം
3. വിദ്യ = പഠനം / അറിവ്
4. രചിക്കുക = എഴുതുക
5. മഹാൻ = ഉത്തമനായ വ്യക്തി
6. ബഹുമതി = സമ്മാനം

വിപരീതപദം എഴുതാം

1. സമ്പന്നൻ × ദരിദ്രൻ
2. ഇഷ്ടം × അനിഷ്ടം
3. തുടക്കം × ഒടുക്കം
4. ചെറുപ്പം × വാർദ്ധക്യം
5. ആദ്യം × അവസാനം

പര്യായപദം കണ്ടെത്താം

1. മരം - വൃക്ഷം, തരു, ശാഖി
2. പക്ഷി - ഖഗം, കിളി, പതംഗം
3. പൂവ് - പുഷ്പം, സുമം, മലർ
4. അമ്മ - മാതാവ്, ജനനി, അംബ
5. ആകാശം - ഗഗനം, വാനം, വിണ്ണ്

വിട്ടുപോയ ഭാഗം പൂരിപ്പിക്കാം

1. രവീന്ദ്രനാഥ ടാഗോറിനെ എല്ലാവരും ആദരവോടെ _____ എന്ന് വിളിച്ചിരുന്നു. (ഗുരുദേവൻ / മഹാത്മാജി)

2. ചെറുപ്പത്തിൽ അദ്ദേഹത്തിന് _____ നിരീക്ഷിക്കാനായിരുന്നു ഏറെ ഇഷ്ടം. (സിനിമ / പ്രകൃതി)

3. ടാഗോർ എഴുതിയ കവിതകളിൽ ഏറ്റവും പ്രശസ്തമായ ഒന്നാണ് _____. (ഗീതാഞ്ജലി / ഗാനാഞ്ജലി)

4. സാഹിത്യത്തിന് _____ സമ്മാനം നേടുന്ന ആദ്യത്തെ ഇന്ത്യക്കാരനാണ് ടാഗോർ. (നോബൽ / ഭാരതരത്ന)

5. ഇന്ത്യയുടെ ദേശീയഗാനം രചിച്ചത് _____ ആണ്. (രവീന്ദ്രനാഥ ടാഗോർ / മഹാത്മാഗാന്ധി)

യോജിപ്പിക്കാം

1. ജനഗണമന – ഏറ്റവും വലിയ പുരസ്കാരം
2. കൊൽക്കത്ത – വിദ്യാലയം
3. നോബൽ സമ്മാനം – ദേശീയഗാനം
4. വിശ്വഭാരതി – ടാഗോറിന്റെ ജന്മസ്ഥലം

പാഠഭാഗം വായിച്ച് ക്രമമനുസരിച്ച് എഴുതാം.

1. ടാഗോറിന് ഗീതാഞ്ജലിക്ക് നോബൽ സമ്മാനം ലഭിച്ചു. ( )
2. അദ്ദേഹം ശാന്തിനികേതനിൽ വിശ്വഭാരതി വിദ്യാലയം സ്ഥാപിച്ചു. ( )
3. രവീന്ദ്രനാഥ ടാഗോർ കൊൽക്കത്തയിൽ ജനിച്ചു. ( )
4. അദ്ദേഹം നമ്മുടെ ദേശീയഗാനമായ 'ജനഗണമന' രചിച്ചു. ( )

ഉത്തരം എഴുതാം

1. നമ്മുടെ ദേശീയഗാനം എഴുതിയത് ആരാണ്?

   ഉത്തരം: _____

2. ടാഗോറിനെ എല്ലാവരും സ്നേഹത്തോടെ വിളിച്ചിരുന്ന പേര് എന്ത്?

   ഉത്തരം: _____

3. ടാഗോറിന് നോബൽ സമ്മാനം നേടിക്കൊടുത്ത പുസ്തകം ഏതാണ്?

   ഉത്തരം: _____

4. പ്രകൃതിയോട് ഇണങ്ങി ജീവിച്ച് പഠിക്കാൻ ടാഗോർ സ്ഥാപിച്ച വിദ്യാലയത്തിന്റെ പേരെന്ത്?

   ഉത്തരം: _____

അധ്യാപകക്കുറിപ്പ്

ടാഗോറിന്റെ 'ശാന്തിനികേതൻ' പോലെ നാല് ചുവരുകൾക്ക് പുറത്ത്, പ്രകൃതിയുടെ മടിത്തട്ടിൽ ഇരുന്ന് പഠിക്കാൻ കുട്ടികൾക്ക് അവസരം നൽകുക. (ഒരു ദിവസം സ്കൂളിലെ ഏതെങ്കിലും മരത്തണലിൽ ക്ലാസ് എടുക്കാവുന്നതാണ്)

ദേശീയഗാനം പാടുമ്പോൾ പാലിക്കേണ്ട അച്ചടക്കത്തെയും മര്യാദകളെയും കുറിച്ച് ക്ലാസിൽ ഒരു ചെറിയ ചർച്ച നടത്തുക.

ചിത്രം വരയ്ക്കാം

ടാഗോറിന് പ്രകൃതിയെ വളരെ ഇഷ്ടമായിരുന്നുവല്ലോ. നിങ്ങൾക്ക് ഇഷ്ടമുള്ള ഒരു പ്രകൃതിദൃശ്യം (മരങ്ങൾ, പക്ഷികൾ, പുഴ) വരച്ച് നിറം നൽകുക.



ആകാശഭൂമികൾ തൻ സമ്മാനം

ആകാശത്തുണ്ട് സൂര്യനും ചന്ദ്രനും
തിളങ്ങി നിൽക്കും കോടി താരകങ്ങളും!
പ്രകൃതി തന്നൊരു വലിയ സമ്മാനം
അത് കണ്ട് പാടാം നമുക്കൊരു ഗാനം.
മണ്ണിലുണ്ട് പച്ചപ്പുല്ലും മരങ്ങളും
പാറിപ്പറക്കും കൊച്ചു കിളികളും!
കാറ്റിലടിയും പൂവിൻ സുഗന്ധവും
ഈ ലോകമത്രയും ആനന്ദമയം!

ഈ പ്രകൃതിയിലെ സൂര്യനും ചന്ദ്രനും മരങ്ങളും പുഴകളുമെല്ലാം ദൈവം നമുക്ക് തന്ന വലിയ സമ്മാനങ്ങളാണ്. അവയെല്ലാം കണ്ട് നമ്മൾ എപ്പോഴും സന്തോഷത്തോടെ ഇരിക്കണം എന്നാണ് ടാഗോർ ഈ പാട്ടിലൂടെ പറയുന്നത്.

കാബൂളിവാല

ടാഗോർ എഴുതിയ ലോകപ്രശസ്തമായ ഒരു കഥയാണ് 'കാബൂളിവാല'. അതിന്റെ ഒരു ചെറിയ രൂപം വായിക്കാം:

മിനി എന്ന് പേരുള്ള അഞ്ച് വയസ്സുകാരിയായ ഒരു കൊച്ചുകുട്ടിയുണ്ടായിരുന്നു. ഒരു ദിവസം അവൾ ജനാലയിലൂടെ നോക്കിയപ്പോൾ വഴിയിലൂടെ പോകുന്ന ഒരു വലിയ മനുഷ്യനെ കണ്ടു. അഫ്ഗാനിസ്ഥാനിലെ കാബൂളിൽ നിന്നും വന്ന ആളായതുകൊണ്ട് എല്ലാവരും അയാളെ 'കാബൂളിവാല' എന്ന് വിളിച്ചു. അയാളുടെ പേര് റഹ്മാൻ എന്നായിരുന്നു. വലിയ താടിയും വലിയൊരു സഞ്ചിയും ഒക്കെയുള്ള അയാളെ കണ്ട് ആദ്യം മിനിക്ക് പേടിയായി.

എന്നാൽ റഹ്മാൻ വളരെ പാവമായിരുന്നു. അയാൾ തന്റെ സഞ്ചിയിൽ നിന്ന് മിനിക്ക് ഉണക്കമുന്തിരിയും അണ്ടിപ്പരിപ്പും സമ്മാനമായി നൽകി. പതുക്കെപ്പതുക്കെ മിനിയും കാബൂളിവാലയും ഉറ്റസുഹൃത്തുക്കളായി മാറി. കാബൂളിൽ റഹ്മാന് മിനിയുടെ അത്രയുമുള്ള ഒരു മകളുണ്ടായിരുന്നു. തന്റെ സ്വന്തം മകളെപ്പോലെയാണ് അയാൾ മിനിയെ സ്നേഹിച്ചത്. ദൂരദേശത്തുനിന്നും വന്ന ഒരു മനുഷ്യന് ഒരു കൊച്ചുകുട്ടിയോടുള്ള സ്നേഹത്തിന്റെ കഥയാണിത്.

അർത്ഥം കണ്ടെത്താം

1. താരകങ്ങൾ = നക്ഷത്രങ്ങൾ
2. ആനന്ദമയം = സന്തോഷം നിറഞ്ഞത്
3. സമ്മാനം = ഉപഹാരം
4. ദൂരദേശം = അകലെയുള്ള നാട്

ശരിയോ തെറ്റോ എന്ന് കണ്ടെത്തുക

1. കാബൂളിവാല എന്ന കഥ എഴുതിയത് ടാഗോറാണ്. (ശരി / തെറ്റ്)
2. മിനിക്ക് കാബൂളിവാലയെ ഒട്ടും ഇഷ്ടമല്ലായിരുന്നു. (ശരി / തെറ്റ്)
3. കാബൂളിവാലയുടെ സഞ്ചിയിൽ മിനിക്കുള്ള സമ്മാനങ്ങൾ ഉണ്ടായിരുന്നു. (ശരി / തെറ്റ്)

നമ്മെ നയിച്ചവർ

ക്ലാസ്സിലെ ചോദ്യോത്തരവേള



അധ്യാപിക : നമസ്കാരം കുട്ടികളെ, ചോദ്യോത്തരവേളയിലേക്ക് ഏവർക്കും സ്വാഗതം. ചോദ്യങ്ങൾ ശ്രദ്ധിച്ച് ഉത്തരം പറയുക.

അധ്യാപിക : നാമ്മുടെ രാഷ്ട്രപിതാവ് ആരാണ്?

നയന : മഹാത്മാഗാന്ധി

അധ്യാപിക : വളരെ ശരിയാണ്. എല്ലാപേരും കയ്യടിക്കൂ.



അധ്യാപിക : ആരുടെ ജൻമദിനമാണ് ശിശുദിനമായി നാം ആഘോഷിക്കുന്നത്?

പൂജ : ഞാൻ പറയാം, പണ്ഡിറ്റ് ജവഹർലാൽനെഹ്റുവിന്റെ.

അധ്യാപിക : സ്വതന്ത്ര ഇന്ത്യയുടെ ആദ്യത്തെ രാഷ്ട്രപതി ആരാണ്?

മാളവിക : എനിക്ക് അറിയില്ല ടീച്ചർ.

അധ്യാപിക : എന്താ മാളവികേ, ഇതെല്ലാം അറിഞ്ഞിരിക്കേണ്ട കാര്യങ്ങളല്ലേ. ഇനി മുതൽ പഠിക്കണം കേട്ടോ?



ആദിത്യൻ : ഞാൻ പറയാം ടീച്ചർ.ഡോ.രാജേന്ദ്രപ്രസാദ് ആണ്.

അധ്യാപിക : മിടുക്കൻ.ആരുടെ ജൻമദിനമാണ് അധ്യാപകദിനമായി ആഘോഷിക്കുന്നത്?



അതുല്യ : ഞാൻ പറയാം ടീച്ചർ, ഡോ.എസ് രാധാകൃഷ്ണന്റെ ജൻമദിനമാണ് അധ്യാപകദിനമായി നാം ആഘോഷിക്കുന്നത്.

അധ്യാപിക : വളരെ ശരിയാണ്. എങ്കിൽ ഞാൻ മറ്റൊരു ചോദ്യം ചോദിക്കാം.നമ്മുടെ ദേശീയഗാനം രചിച്ചത് ആരാണ്?



അഭിന : രവീന്ദ്രനാഥ ടാഗോർ.

അധ്യാപിക : ശരി ഉത്തരം, മറ്റൊരു ചോദ്യം.അഗതികളുടെ അമ്മ എന്നറിയപ്പെടുന്നത് ആരാണ്?



സബൂറ : അറിയില്ല ടീച്ചർ.

മുസ്തഫ : എനിക്കറിയാം. മദർ തെരേസയാണ് അഗതികളുടെ അമ്മ എന്നറിയപ്പെടുന്നത്.

അധ്യാപിക : വളരെ ശരിയായ ഉത്തരമാണ്. പ്രധാനമന്ത്രി പദത്തിലെത്തിയ ആദ്യ ഇന്ത്യൻ വനിത ആരാണ്?



അപർണ്ണ : ഇന്ദിരാഗാന്ധി

അധ്യാപിക: അടുത്ത ചോദ്യം, ബഹിരാകാശത്തെത്തിയ ആദ്യ ഇന്ത്യൻവനിത ആരാണ്?



പ്രണവ്: കല്പനാചൗള.

അധ്യാപിക : മിസൈൽ മാൻ ഓഫ് ഇന്ത്യ എന്നറിയപ്പെടുന്ന രാഷ്ട്രപതി ആര്?

അച്ചു : എ.പി.ജെ അബ്ദുൽകലാം



അധ്യാപിക: ഇന്ത്യയുടെ തലസ്ഥാനം ഏതാണ് കുട്ടികളേ?

കുട്ടികൾ കൂട്ടത്തോടെ വിളിച്ചു കൂകി. ന്യൂഡൽഹി

അധ്യാപിക : എല്ലാവരും നന്നായി ഉത്തരം പറഞ്ഞു. എന്റെ ആശംസകൾ നന്ദി. നമസ്കാരം.

പരിശീലനം

ശരിയായ ഉത്തരം എഴുതുക

1. ശിശുദിനം - _____

2. അധ്യാപകദിനം - _____

3. സ്വാതന്ത്ര്യ ദിനം - _____

4. റിപ്പബ്ലിക് ഡേ - _____

5. ഗാന്ധിജയന്തി - _____

പൂരിപ്പിക്കുക

1. ഇന്ത്യയിൽ _____ സംസ്ഥാനങ്ങളുണ്ട്.

2. ഇന്ത്യയുടെ തലസ്ഥാനം _____ ആണ്.

3. ഇന്ത്യയുടെ മറ്റൊരുപേര് _____ എന്നാണ്.

4. ഇന്ത്യയിൽ ഞാൻ _____ സംസ്ഥാനത്തിൽ ജീവിക്കുന്നു.

പ്രവർത്തനം

വൃത്തത്തിനുള്ളിൽ കൊടുത്തിട്ടുള്ള അക്ഷരങ്ങളിൽ നിന്ന് പദങ്ങൾ കണ്ടെത്തി അടിവരയിടുക.

സ്ത - അസ്തമയം, വാസ്തവം, വിസ്താരം.

പ്ത - സപ്തമി, ദീപ്തി, തൃപ്തി.

ഷ്ട - ഇഷ്ടം, നഷ്ടം, കഷ്ടം.

സ്ഥ - അസ്ഥിരം, പ്രസ്ഥാനം, സ്ഥലം.

ച്ച - അച്ഛൻ, ഇച്ഛ, തുച്ഛം.

ദ്ധ - യുദ്ധം, ശ്രദ്ധ, അദ്ധ്യാപകൻ.

പാടിരസിക്കാം



ഭാരതമണ്ണിലെ ധീരരാം നേതാക്കൾ,
നാടിന്റെ രക്ഷയ്ക്കായ് പോരാടി നിർഭയം.
ത്യാഗത്തിൻ പാതയിൽ ഒന്നായി മുന്നേറി,
സ്വാതന്ത്ര്യ ദീപം നമുക്കവർ തന്നല്ലോ.
ആ നല്ല നേതാക്കൾ കാട്ടിയ മാർഗ്ഗത്തിൽ,
സ്നേഹത്തോടെന്നും വളരാം നമുക്ക്!

ചാർച്ചപ്പേരുകൾ മനസ്സിലാക്കാം; വായിക്കാം














ചെറിയച്ഛാ നമുക്ക് ചെടി നടാമോ?
ശരി, മോനെ ഞാൻ സഹായിക്കാം.


ചെറിയമ്മേ, ഇതിന് വളരെ ഭംഗിയുണ്ട് !
ഇത് നിനക്കുള്ള സമ്മാനമാണ്!


അമ്മായി, ഇത് എനിക്കാണോ?
അതെ ! ഇത് നിനക്കുള്ള കളിപ്പാട്ടമാണ്.


അതെ മോനെ നീയും വായിക്കണം കേട്ടോ !
അമ്മാവാ, എന്താണ് വായിക്കുന്നത്? പത്രമാണോ?


തീർച്ചയായും നമുക്ക് കളിക്കാം!
ചേട്ടാ! നമുക്ക് പന്ത് കളിക്കാമോ?


തീർച്ചയായും, നന്ദി അനുജാ !
ചേച്ചി ഈ പൂവ് ചൂടൂ

കുടുംബ ബന്ധങ്ങളെക്കുറിച്ചുള്ള കടങ്കഥകൾ

കുട്ടികൾക്ക് പരിചിതമായ കുടുംബാംഗങ്ങളെ കണ്ടെത്താനുള്ള ലളിതമായ കടങ്കകൾ:

കടങ്കഥ 1:

അച്ഛന്റെ അച്ഛനാണ് ഞാൻ,
അമ്മയുടെയും അച്ഛനാണ് ഞാൻ,
നരച്ച മുടിയും വടിയുമുണ്ട്,
ആരാണ് ഞാൻ?

ഉത്തരം: _____

കടങ്കഥ 2:

കഥകൾ ഒരുപാട് പറഞ്ഞുതരും,
മടിയിൽ ഇരുത്തി താരാട്ടുപാടും,
അമ്മയുടെ അമ്മയായ എന്നെ,
വിളിക്കുന്നതെന്താണ് കുട്ടികളേ?

ഉത്തരം: _____

കടങ്കഥ 3:

അച്ഛന്റെ കൂടെപ്പിറപ്പാണ് ഞാൻ,
അച്ഛന്റെ അനുജനായ ഞാൻ
നിങ്ങൾക്ക് ആരാണ്?

ഉത്തരം: _____

കടങ്കഥ 4:

ഒരേ വയറ്റിൽ ജനിച്ച നമ്മൾ,
ഒന്നിച്ച് കളിച്ചു വളരുന്നു,
ജ്യേഷ്ഠനും അനുജനും തമ്മിലുള്ള ബന്ധമെന്താണ്?

ഉത്തരം: _____

കൂട്ടത്തിൽ ചേരാത്തത് കണ്ടെത്താം

വാക്കുകളുടെ ഘടനയും അർത്ഥവും മനസ്സിലാക്കാൻ സഹായിക്കുന്ന പ്രവർത്തനങ്ങൾ

ബന്ധങ്ങൾ അടിസ്ഥാനമാക്കിയത്

കുട്ടികളെ കുടുംബാംഗങ്ങളെയും മറ്റുള്ളവരെയും വേർതിരിച്ചറിയാൻ ഇത് സഹായിക്കും.

1. അമ്മ, അച്ഛൻ, അധ്യാപകൻ, ചേട്ടൻ

   ഉത്തരം: _____

2. മുത്തശ്ശൻ, കൂട്ടുകാരൻ, മുത്തശ്ശി, അനുജത്തി

   ഉത്തരം: _____

3. അമ്മാവൻ, വല്യമ്മ, ചേച്ചി, അയൽക്കാരൻ

   ഉത്തരം: _____

പദവിനോദം

അക്ഷരങ്ങൾ തിരിച്ചറിഞ്ഞ് പദങ്ങൾ ഉണ്ടാക്കാൻ കുട്ടികളെ സഹായിക്കുന്ന ലളിതമായ പ്രവർത്തനങ്ങൾ

വിട്ടുപോയ അക്ഷരം എഴുതുക

അ _____ ൻ

അ _____

മു _____ ശ്ശി

ചേ _____ൻ

അധ്യാപകക്കുറിപ്പ്: ഈ പ്രവർത്തനം ക്ലാസിൽ കുട്ടികളെ വട്ടത്തിൽ ഇരുത്തി 'ഒരു കടങ്കഥയ്ക്ക് ഒരു **പൂവ്**' അല്ലെങ്കിൽ 'ഒരു ശരിയുത്തരത്തിന് ഒരു **സ്റ്റാർ**' എന്ന രീതിയിൽ നൽകിയാൽ കുട്ടികൾ കൂടുതൽ താല്പര്യത്തോടെ പങ്കെടുക്കും.

ഞാൻ വായിക്കും

1. ഉച്ചരിച്ച് നോക്കാം

കാ
ങാ
ചാ
ഞാ
ടാ
ണാ
താ
നാ
പാ
മാ
യാ
രാ
ലാ
വാ
ശാ
ഷാ
സാ
ഹാ
ളാ
ഴാ
റാ

2. അക്ഷരങ്ങൾ വായിക്കാം

കാ ങാ ചാ ഞാ ടാ ണാ താ
നാ പാ മാ യാ രാ ലാ വാ
ശാ ഷാ സാ ഹാ ളാ ഴാ റാ

3. ചേർത്ത് വായിക്കാം

ക് + ആ	ങ് + ആ	ച് + ആ	ഞ് + ആ	ട് + ആ	ണ് + ആ
ത് + ആ	ന് + ആ	ച് + ആ	മ് + ആ	യ് + ആ	ര് + ആ
ല് + ആ	വ് + ആ	ശ് + ആ	ഷ് + ആ	സ് + ആ	ഹ് + ആ
	ള് + ആ	ഴ് + ആ	റ് + ആ		

4. പദങ്ങൾ വായിക്കാം

കാനനം

കാ		കാ
കാ	ന	കാന
കാന	നം	കാനനം

താമര

താ		താ
താ	മ	താമ
താമ	ര	താമര

പാദസരം

പാ		പാ
പാ	ദ	പാദ
പാദ	സ	പാദസ
പാദസ	രം	പാദസരം

കാനനം

സ		സ
സ	മാ	സമാ
സമാ	ധാ	സമാധാ
സമാധാ	നം	സമാധാനം

മാണിക്യം താരാട്ട് താമരപ്പൂവ് ഞാണ്
വാശി ശാന്തം പാവാട കാരുണ്യം

5. വാക്യങ്ങൾ വായിക്കാം

ഞാൻ പാടത്ത് പോയി
വാഴ തഴച്ചുവളർന്നു

1. ഉച്ചരിച്ച് നോക്കാം

കി
ങ്കി
ചി
ഞ്ഞി
ടി
ണ്ണി
തി
ന്നി
പി
മ്മി
യി
രി
ല്ലി
വി
ശ്ശി
ഷി
സ്സി
ഹി
ള്ളി
ഴ്ഴി
റ്റി

2. അക്ഷരങ്ങൾ വായിക്കാം

കി	ങ്കി	ചി	ഞ്ഞി	ടി	ണ്ണി	തി
ന്നി	പി	മ്മി	യി	രി	ല്ലി	വി
ശ്ശി	ഷി	സ്സി	ഹി	ള്ളി	ഴ്ഴി	റ്റി

3. ചേർത്ത് വായിക്കാം

ക് + ഇ	ങ് + ഇ	ച് + ഇ	ഞ് + ഇ	ട് + ഇ	ണ് + ഇ
ത് + ഇ	ന് + ഇ	പ് + ഇ	മ് + ഇ	യ് + ഇ	ര് + ഇ
ല് + ഇ	വ് + ഇ	ശ് + ഇ	ഷ് + ഇ	സ് + ഇ	ഹ് + ഇ
	ള് + ഇ	ഴ് + ഇ	റ് + ഇ		

4. പദങ്ങൾ വായിക്കാം

മഴവില്ല്

മ → മ
മ + ഴ → മഴ
മഴ + വി → മഴവി
മഴവി + ല്ല് → മഴവില്ല്

തിരമാല

തി → തി
തി + ര → തിര
തിര + മാ → തിരമാ
തിരമാ + ല → തിരമാല

കിരീടം	സിംഹം	ചിരവ	കിണർ
ചിലങ്ക	തിരമാല	നിഴൽ	വിളക്ക്
ശിശിരം	മഷി	കിരണം	മിന്നൽ

5. വാക്യങ്ങൾ വായിക്കാം

കിളികൾ ചിലച്ചു

ആകാശത്തിൽ നിലാവ്

മഴവില്ലും തിരമാലയും മിന്നലും പ്രകൃതിയുടെ അത്ഭുതങ്ങൾ

1. ഉച്ചരിച്ച് നോക്കാം

കീ
ങീ
ചീ
ഞീ
ടീ
ണീ
തീ
നീ
പീ
മീ
യീ
രീ
ലീ
വീ
ശീ
ഷീ
സീ
ഹീ
ളീ
ഴീ
റീ

2. അക്ഷരങ്ങൾ വായിക്കാം

കീ ങീ ചീ ഞീ ടീ ണീ തീ
നീ പീ മീ യീ രീ ലീ വീ
ശീ ഷീ സീ ഹീ ളീ ഴീ റീ

3. ചേർത്ത് വായിക്കാം

ക് + ഈ	ങ് + ഈ	ച് + ഈ	ഞ് + ഈ	ട് + ഈ	ണ് + ഈ
ത് + ഈ	ന് + ഈ	പ് + ഈ	മ് + ഈ	യ് + ഈ	ര് + ഈ
ല് + ഈ	വ് + ഈ	ശ് + ഈ	ഷ് + ഈ	സ് + ഈ	ഹ് + ഈ
	ള് + ഈ	ഴ് + ഈ	റ് + ഈ		

4. പദങ്ങൾ വായിക്കാം

പീഠഭൂമി

പീ → പീ
പീ + ഠ → പീഠ
പീഠ + ഭൂ → പീഠഭൂ
പീഠഭൂ + മി → പീഠഭൂമി

തീവണ്ടി

തീ → തീ
തീ + വ → തീവ
തീവ + ണ്ടി → തീവണ്ടി

ജീരകം നീരാവി വീണ ശീലം
സീതപ്പഴം രീതി നീരാളി പീടിക
മീശ വീഥി

5. വാക്യങ്ങൾ വായിക്കാം

കാറ്റ് വീശുന്നു
മീൻ നീന്തുന്നു
തീവണ്ടിയിൽ പോകുമ്പോൾ നീണ്ടു നിവർന്ന ആകാശവും പീഠഭൂമിയും വീഥികളും കണ്ടു

1. ഉച്ചരിച്ച് നോക്കാം

കു
ങു
ചു
ഞു
ടു
ണു
തു
നു
പു
മു
യു
രു
ലു
വു
ശു
ഷു
സു
ഹു
ളു
ഴു
റു

2. അക്ഷരങ്ങൾ വായിക്കാം

കു	ങു	ചു	ഞു	ടു	ണു	തു
നു	പു	മു	യു	രു	ലു	വു
ശു	ഷു	സു	ഹു	ളു	ഴു	റു

3. ചേർത്ത് വായിക്കാം

ക് + ഉ	ങ് + ഉ	ച് + ഉ	ഞ് + ഉ	ട് + ഉ	ണ് + ഉ
ത് + ഉ	ന് + ഉ	ച് + ഉ	മ് + ഉ	യ് + ഉ	ര് + ഉ
ല് + ഉ	വ് + ഉ	ശ് + ഉ	ഷ് + ഉ	സ് + ഉ	ഹ് + ഉ
	ള് + ഉ	ഴ് + ഉ	റ് + ഉ		

4. പദങ്ങൾ വായിക്കാം

കുമ്പളങ്ങ

കു → കു
കു + മ്പ → കുമ്പ
കുമ്പ + ള → കുമ്പള
കുമ്പള + ങ്ങ → കുമ്പളങ്ങ

മുരിങ്ങക്ക

മു → മു
മു + രി → മുരി
മുരി + ങ്ങ → മുരിങ്ങ
മുരിങ്ങ + ക്ക → മുരിങ്ങക്ക

കുടിൽ	കുയിൽ	മുയൽ	പുലരി
മുത്ത്	ശുഭം	മുറം	പുടവ
മുതല	കുമ്പളങ്ങ	ബുധൻ	പുരികം
	പുളി	തുമ്പി	

5. വാക്യങ്ങൾ വായിക്കാം

അവൻ കുഴിയിൽ വീണു
ഞാൻ പുഴയിൽ കുളിച്ചു
കുട്ടികൾ പുഴക്കരയിൽ എത്തിയപ്പോൾ ചുറ്റിലും കുതിര, മുയൽ, കുയിൽ, കുറുക്കൻ, എന്നിവ ഒത്തുകൂടി

1. ഉച്ചരിച്ച് നോക്കാം

കൂ
ങൂ
ചൂ
ഞൂ
ടൂ
ണൂ
തൂ
നൂ
പൂ
മൂ
യൂ
രൂ
ലൂ
വൂ
ശൂ
ഷൂ
സൂ
ഹൂ
ളൂ
ഴൂ
റൂ

2. അക്ഷരങ്ങൾ വായിക്കാം

കൂ	ങൂ	ചൂ	ഞൂ	ടൂ	ണൂ	തൂ
നൂ	പൂ	മൂ	യൂ	രൂ	ലൂ	വൂ
ശൂ	ഷൂ	സൂ	ഹൂ	ളൂ	ഴൂ	റൂ

3. ചേർത്ത് വായിക്കാം

ക് + ഊ	ങ് + ഊ	ച് + ഊ	ഞ് + ഊ	ട് + ഊ	ണ് + ഊ
ത് + ഊ	ന് + ഊ	ച് + ഊ	മ് + ഊ	യ് + ഊ	ര് + ഊ
ല് + ഊ	വ് + ഊ	ശ് + ഊ	ഷ് + ഊ	സ് + ഊ	ഹ് + ഊ
	ള് + ഊ	ഴ് + ഊ	റ് + ഊ		

4. പദങ്ങൾ വായിക്കാം

കൂരിരുട്ട്

കൂ → കൂ
കൂ + രി → കൂരി
കൂരി + രു → കൂരിരു
കൂരിരു + ട്ട് → കൂരിരുട്ട്

സൂര്യകാന്തി

സൂ → സൂ
സൂ + ര്യ → സൂര്യ
സൂര്യ + കാ → സൂര്യകാ
സൂര്യകാ + ന്തി → സൂര്യകാന്തി

കൂടാരം	സൂര്യൻ	മൂങ്ങ	ചൂട്
ചൂരൽ	പൂരം	തൂവൽ	പൂക്കൾ
കൂന്തൽ	ദൂരം	കൂരിരുട്ട്	സൂര്യകാന്തി

5. വാക്യങ്ങൾ വായിക്കാം

സൂര്യൻ കിഴക്ക് ഉദിച്ചു

കൂടയിൽ പൂക്കൾ നിറച്ചു

സൂര്യൻ കിഴക്കുദിക്കുമ്പോൾ സൂര്യകാന്തി പൂക്കൾ പുത്തുലഞ്ഞു

1. ഉച്ചരിച്ച് നോക്കാം

കൃ
ങൃ
ചൃ
ഞൃ
ടൃ
ണൃ
തൃ
നൃ
പൃ
മൃ
യൃ
രൃ
ലൃ
വൃ
ശൃ
ഷൃ
സൃ
ഹൃ
ളൃ
ഴൃ
റൃ

2. അക്ഷരങ്ങൾ വായിക്കാം

കൃ	ങൃ	ചൃ	ഞൃ	ടൃ	ണൃ	തൃ
നൃ	പൃ	മൃ	യൃ	രൃ	ലൃ	വൃ
ശൃ	ഷൃ	സൃ	ഹൃ	ളൃ	ഴൃ	റൃ

3. ചേർത്ത് വായിക്കാം

ക് + ഋ	ങ് + ഋ	ച് + ഋ	ഞ് + ഋ	ട് + ഋ	ണ് + ഋ
ത് + ഋ	ന് + ഋ	ച് + ഋ	മ് + ഋ	യ് + ഋ	ര് + ഋ
ല് + ഋ	വ് + ഋ	ശ് + ഋ	ഷ് + ഋ	സ് + ഋ	ഹ് + ഋ
	ള് + ഋ	ഴ് + ഋ	റ് + ഋ		

4. പദങ്ങൾ വായിക്കാം

വൃക്ഷം

വൃ → വൃ

വൃ + ക്ഷം → വൃക്ഷം

വൃദ്ധൻ

വൃ → വൃ

വൃ + ദ്ധ → വൃദ്ധ

വൃദ്ധ + ൻ → വൃദ്ധൻ

വൃത്തി	വൃക്ക	വൃഷ്ടി	ഹൃദയം
കൃത്യം	മൃഗം	നൃത്തം	സൃഷ്ടി
വൃക്ഷം	വൃദ്ധൻ	വൃത്തം	നൃപൻ

5. വാക്യങ്ങൾ വായിക്കാം

നൃത്തം ചെയ്യുന്ന കുട്ടി

എന്റെ കൃഷി ഭൂമി

വൃക്ഷച്ചുവട്ടിൽ ഞാൻ ഇരുന്നു

മൃഗങ്ങളെയും വൃക്ഷങ്ങളെയും സംരക്ഷിച്ചു പോന്ന നൃപൻ ഉണ്ടായിരുന്നു

2 കാട്ടിലെ സഭ



പച്ചപ്പട്ടുടുത്ത കാട്ടിൽ,
പച്ചപ്പുൽത്തകിടി തന്നിൽ,
കൂടി നമ്മൾ ഒത്തുചേർന്നു,
കാട്ടിലെ സഭയൊന്നു ചേർത്തു!
ആനയുണ്ട് കുരങ്ങനുണ്ട്,
അഴകുള്ളൊരു മയിലുമുണ്ട്,
തത്തമ്മ തൻ കൊഞ്ചലുമുണ്ട്,
തമ്മിലടിയും തർക്കവുമുണ്ട്!
സിംഹരാജൻ വന്ന നേരം,
തർക്കമെല്ലാം മാറിപ്പോയി,



ഒന്നാണെന്നുള്ള ബോധം വന്നു,
നമ്മൾ ഒന്നാണെന്നുള്ള പാട്ടു പാടി!
കാട്ടുപൂക്കൾ ചിരിച്ചുനിന്നു,
കാട്ടുതേനരുവി ഒഴുകി വന്നു,
കിളികളെല്ലാം ചിറകടിച്ചു,
കൂട്ടുകാരേറെ ആർത്തുവിളിച്ചു!
ഒന്നാണെ നമ്മളെന്നുള്ള നാദം,
ഒന്നായി മാറുന്ന കാട്ടിൻ പ്രമോദം,
കൈകോർത്തു നമ്മൾ നടന്നിടേണം,
കാടിന്റെ നന്മ കാത്തിടേണം!

അർത്ഥം കണ്ടെത്താം

1. സഭ = കൂട്ടായ്മ
2. വനമാകെ = കാടുമുഴുവൻ
3. പ്രഖ്യാപനം = വിളംബരം
4. തർക്കം = വാഗ്വാദം
5. കരുത്ത് = ശക്തി
6. ശാന്തം = ദേഷ്യമില്ലാത്ത അവസ്ഥ / സമാധാനമുള്ളത്

പര്യായപദം കണ്ടെത്താം

1. കാട് - വനം, വിപിനം, അടവി
2. സിംഹം - മൃഗരാജാവ്, കേസരി, ഹരി
3. പക്ഷി - കിളി, ഖഗം, പറവ
4. ആന - ഗജം, കരി, മാതംഗം
5. സൂര്യൻ - രവി, ഭാനു, ദിനകരൻ

വിപരീതപദം എഴുതാം

1. രാവിലെ × വൈകുന്നേരം
2. സുന്ദരം × വിരൂപം
3. വലിയ × ചെറിയ
4. ശാന്തം × അശാന്തം
5. സ്നേഹം × വിദ്വേഷം

വാക്യത്തിൽ പ്രയോഗിക്കാം

1. തന്നിരിക്കുന്ന വാക്കുകൾ സ്വന്തം വാക്യത്തിൽ എഴുതുക:

   ഒത്തൊരുമ

   _____

   (മാതൃക: നമ്മൾ ക്ലാസിൽ ഒത്തൊരുമയോടെ ഇരിക്കണം.)

2. വനഭംഗി

   _____

3. സംഗീതം

   _____

ഒറ്റവാക്കിൽ ഉത്തരം എഴുതാം

1. കാട്ടിലെ സഭ വിളിച്ചുകൂട്ടിയത് ആര്?

   ഉത്തരം: _____

2. സഭ കൂടിയത് എവിടെ വെച്ചായിരുന്നു?

   ഉത്തരം: _____

3. പീലിവിടർത്തി നൃത്തം ചെയ്ത പക്ഷി ഏത്?

   ഉത്തരം: _____

4. കൊഞ്ചലോടെ സംസാരിക്കുന്ന പക്ഷി ഏതാണ്?

   ഉത്തരം: _____

ഉത്തരം എഴുതാം

1. കവിതയിൽ 'പച്ചപ്പട്ടുടുത്ത കാട്' എന്ന് വിശേഷിപ്പിക്കാൻ കാരണമെന്ത്?

2. സഭയിൽ ഒത്തുകൂടിയ മൃഗങ്ങളും പക്ഷികളും ഏതൊക്കെയാണ്? അവയുടെ പേരുകൾ എഴുതുക.

3. സഭയിൽ ആദ്യം എന്തൊക്കെ ഉണ്ടായി എന്നാണ് കവിതയിൽ പറയുന്നത്?

4. സിംഹരാജൻ വന്നതിനുശേഷം സഭയിലുണ്ടായ മാറ്റം എന്തായിരുന്നു?

5. 'കൈകോർത്തു നമ്മൾ നടന്നിടേണം' എന്ന് കവി പറയാൻ കാരണമെന്ത്?

പ്രവർത്തനം

ചിത്രം വരയ്ക്കാം: നിങ്ങൾക്ക് ഇഷ്ടപ്പെട്ട മൃഗങ്ങളുടെ ചിത്രം വരച്ച് നിറം നൽകാം.



പ്രവർത്തനം

ശബ്ദം അനുകരിക്കാം: കാക്ക, തത്ത, കുയിൽ, സിംഹം എന്നിവയുടെ ശബ്ദം ക്ലാസിൽ അനുകരിച്ചു കാണിക്കുക.



ഉണ്ണിയും കുരുവികളും

പച്ചപ്പുല്ലും നിറയെ മരങ്ങളുമുള്ള ഒരു ഭംഗിയുള്ള ഗ്രാമത്തിലാണ് ഉണ്ണി ജീവിച്ചിരുന്നത്. കുട്ടികളേ, നമ്മുടെ കവി വൈലോപ്പിള്ളി ശ്രീധരമേനോൻ ചെറുപ്പത്തിൽ ഇതു പോലെയൊരു കുട്ടിപ്പട്ടാളമായിരുന്നു കേട്ടോ! പ്രകൃതിയെയും പക്ഷികളെയും ജീവനേക്കാളേറെ സ്നേഹിച്ച കവിയായിരുന്നു അദ്ദേഹം.

ഒരിക്കൽ ഉണ്ണിയുടെ വീടിന്റെ ഉമ്മറത്തെ ഒരു വലിയ തൂണിൻമേൽ രണ്ട് കുരുവികൾ വന്ന് കൂടുകൂട്ടി. ഒരു കുഞ്ഞിക്കൂട്! ദിവസങ്ങൾ കഴിഞ്ഞപ്പോൾ ആ കൂട്ടിൽ നിന്ന് 'ചിവ്... ചിവ്...' എന്ന് കുഞ്ഞു ശബ്ദങ്ങൾ കേൾക്കാൻ തുടങ്ങി. നോക്കിയപ്പോൾ എന്താ വലിപ്പം! മൂന്ന് കുഞ്ഞുകുരുവികൾ വിരിഞ്ഞിരിക്കുന്നു.



അമ്മക്കുരുവി പറന്നുപോയി കൊക്കിൽ ഇരയുമായി വരും. കുഞ്ഞുങ്ങൾ കൊക്കുപിളർത്തി ആ തീറ്റ വാങ്ങിക്കഴിക്കും. ഇത് കാണാൻ ഉണ്ണിക്ക് വളരെ ഇഷ്ടമായിരുന്നു. ദിവസവും സ്കൂൾ വിട്ടു വന്നാൽ ഉണ്ണി നേരെ ഓടുന്നത് ഈ കുരുവിക്കൂടിന്റെ അടുത്തേക്കായിരുന്നു. അവരോട് വിശേഷങ്ങൾ പറയും, ഇത്തിരി അരിമണികൾ ഇട്ടുകൊടുക്കും. അങ്ങനെ അവർ നല്ല കൂട്ടുകാരായി മാറി.

ഒരു കുസൃതിയും കവിയുടെ നന്മയും



ഒരു ദിവസം ഉണ്ണിയുടെ മനസ്സിൽ ഒരു കുസൃതി തോന്നി. 'ഈ കുഞ്ഞുങ്ങളെ കൈയിലെടുത്ത് ഒന്ന് തലോടിയാൽ കൊള്ളാം. അമ്മക്കുരുവി തീറ്റ തിരയാൻ പോയ സമയം നോക്കി ഉണ്ണി പതുക്കെ ഒരു കസേരയിട്ട് അതിൻമേൽ കയറി നിന്നു. എന്നിട്ട് കൂടിനുള്ളിലേക്ക് കൈയിട്ടു.



തൊട്ടതേയുള്ളൂ, പേടിച്ചുപോയ കുഞ്ഞുങ്ങൾ ചിറകടിച്ചു. അതിലൊരു കുഞ്ഞ് താഴെയുള്ള മുറ്റത്തേക്ക് വീണുപോയി! പെട്ടെന്നാണ് അമ്മക്കുരുവി പറന്നുവന്നത്. താഴെ വീണുകിടക്കുന്ന കുഞ്ഞിനെക്കണ്ട് അത് ഉച്ചത്തിൽ കരയാൻ തുടങ്ങി. തന്റെ കുഞ്ഞിനെ ആരോ ഉപദ്രവിക്കുകയാണെന്ന് കരുതി അത് വട്ടമിട്ടു പറന്ന് സങ്കടത്തോടെ ശബ്ദമുണ്ടാക്കി.

അമ്മക്കുരുവിയുടെ ആ സങ്കടം കണ്ടപ്പോൾ ഉണ്ണിയുടെ കണ്ണ് നിറഞ്ഞു. തന്റെ ഒരു ചെറിയ കുസൃതി കാരണം ഒരു അമ്മയും കുഞ്ഞും എത്രമാത്രം വിഷമിക്കുന്നു! ഉണ്ണിക്ക് വലിയ സങ്കടം തോന്നി. അവൻ പതുക്കെ താഴെ യിറങ്ങി, ഒട്ടും വേദനിപ്പിക്കാതെ ആ കുഞ്ഞിനെ കൈയിലെടുത്തു. എന്നിട്ട് പതുക്കെ ആ കൂട്ടിലേക്ക് തന്നെ തിരിച്ചുവച്ചു. കുഞ്ഞിനെ തിരികെ കിട്ടിയപ്പോൾ അമ്മക്കുരുവി ശാന്തമായി.



അന്ന് ഉണ്ണി ഒരു വലിയ കാര്യം മനസ്സിലാക്കി; മനുഷ്യർക്ക് മാത്രമല്ല, പക്ഷികൾക്കും മൃഗങ്ങൾക്കും സ്നേഹവും സങ്കടവുമൊക്കെ ഉണ്ട്. കവി വൈലോപ്പിള്ളി തന്റെ കവിതകളിലൂടെ നമ്മളോട് പറയുന്നതും ഇതു തന്നെയാണ്: 'ഭൂമിയിലെ എല്ലാ ജീവികളെയും സ്നേഹിക്കുക, അവരെ ഒട്ടും വേദനിപ്പിക്കാതിരിക്കുക.'



ഗുണപാഠം: ജീവകാരുണ്യമാണ് ഏറ്റവും വലിയ നന്മ. നമ്മുടെ സന്തോഷത്തിന് വേണ്ടി മറ്റു ജീവികളെ ഉപദ്രവിക്കരുത്.



സിംഹപ്രസംഗം

‘കാട്ടിലെ മൃഗങ്ങളേ, കേൾക്കുവിൻ
ഞാൻ നിങ്ങളുടെ രാജാവാം സിംഹം!
എന്റെയീ ഗർജ്ജനം കേൾക്കുമ്പോൾ
വിറയ്ക്കണം നിങ്ങളെല്ലാവരും!
ഞാനൊരു കല്പന നൽകിയാൽ
അനുസരിക്കണം മടിയാതെ നിങ്ങൾ!
ഇല്ലെങ്കിൽ നിങ്ങളെ ഞാനെല്ലാം
ഒറ്റയടിയ്ക്ക് വിഴുങ്ങീടും!’
സിംഹത്തിന്റെ പ്രസംഗം കേട്ടപ്പോൾ
മൃഗങ്ങളെല്ലാം പേടിച്ചു വിറച്ചു.
‘ശരി മഹാരാജാവേ, അങ്ങയുടെ
കല്പന ഞങ്ങൾ കാത്തുകൊള്ളാം.’
തലയും കുനിച്ചു വണങ്ങി അവർ
കൂട്ടത്തോടെ മടങ്ങിപ്പോയ്.
സിംഹരാജൻ തന്റെ ഗുഹയ്ക്കുള്ളിൽ
ഗമയോടെ ചെന്നിരുന്നു!

കുഞ്ഞുണ്ണി മാഷ്

അർത്ഥം

1. ഗർജ്ജനം = ഉറക്കെയുള്ള ഒച്ച
2. വിറയ്ക്കുക = നടുങ്ങുക
3. കല്പന = ഉത്തരവ്
4. മടിയാതെ = മടി കാണിക്കാതെ
5. വിഴുങ്ങീടും = വിഴുങ്ങും
6. ഗമ = അഹങ്കാരം

പര്യായപദം

1. സിംഹം - കേസരി, മൃഗരാജൻ, ഹരി
2. കാട് - വനം, അടവി, വിപിനം
3. രാജാവ് - ഭൂപാലൻ, നൃപൻ, മന്നൻ
4. ഗുഹ - ഗഹ്വരം, കന്ദരം, ദരി
5. ആന - ഗജം, കരി, ദന്തി

വിപരീതപദം

1. രാജാവ് × പ്രജ
2. മടി × ഉത്സാഹം
3. അനുസരിക്കുക × ലംഘിക്കുക
4. പേടി × ധൈര്യം
5. തുടങ്ങുക × ഒടുങ്ങുക

മാതൃക പോലെ എഴുതാം

1. ചെവികൾ - ചെവി

2. മരങ്ങൾ - _____

3. പൂക്കൾ - _____

4. രാജാക്കന്മാർ - _____

5. മലകൾ - _____

6. കിളികൾ - _____

7. പുസ്തകങ്ങൾ - _____

മാതൃക പോലെ എഴുതാം

1. ബഹുമാനം ബഹുമാനപൂർവ്വം

2. അഭിമാനം - _____

3. വിനയം - _____

4. ബുദ്ധി - _____

5. സ്നേഹം - _____

6. സന്തോഷം - _____

7. ദയ - _____

ഉത്തരംഎഴുതാം

1. സിംഹത്തിന്റെ ഏത് ശബ്ദം കേൾക്കുമ്പോഴാണ് മറ്റ് മൃഗങ്ങൾ വിറയ്ക്കേണ്ടത്?

2. കല്പന അനുസരിച്ചില്ലെങ്കിൽ എന്തുചെയ്യുമെന്നാണ് സിംഹം പറയുന്നത്?

3. കാട്ടിലെ മൃഗങ്ങൾ ആരെയാണ് തലകുനിച്ചു വണങ്ങിയത്?

4. സിംഹത്തിന്റെ പ്രസംഗം കേട്ടപ്പോൾ മൃഗങ്ങൾക്ക് എന്തുപറ്റി?

5. പ്രസംഗം കഴിഞ്ഞതിനുശേഷം സിംഹം എവിടേയ്ക്കാണ് പോയത്?



രംഗം 1

(ഒരു വലിയ കാട്ടുമാവിന്റെ തണൽ. അപ്പുവും മിന്നുവും രാഹുലും സ്കൂൾ വിട്ട് വിയർത്തു കുളിച്ച് ഓടിവന്ന് അവിടെ ഇരിക്കുന്നു. പെട്ടെന്ന് ഒരു കുളിർകാറ്റ് വീശുന്നു, ഇലകൾ മർമ്മരം പൊഴിക്കുന്നു.)

അപ്പു: (നെറ്റിയിലെ വിയർപ്പ് തുടച്ചുകൊണ്ട്) അബ്ബാ... എന്ത് ചൂടാണിത്! ഈ മാവിന്റെ ചുവട്ടിൽ എത്തിയപ്പോഴാണ് അല്പം ജീവൻ തിരിച്ചുകിട്ടിയത്.

മിന്നു: അതെ അപ്പു, സ്കൂളിൽ നിന്ന് നടക്കുമ്പോൾ സൂര്യൻ നമ്മുടെ തലയ്ക്ക് മുകളിൽ ഇരുന്ന് കത്തുകയാണെന്നാണ് എനിക്ക് തോന്നിയത്.

രാഹുൽ: (കുപ്പ നിലത്തേക്ക് വലിച്ചെറിഞ്ഞ്) ഈ കാലാവസ്ഥയ്ക്ക് ഇത് എന്തുപറ്റി? പണ്ടൊക്കെ ഇത്രയും ചൂടുണ്ടായിരുന്നോ?

പ്രകൃതി: (മരങ്ങളുടെ ഇലയനക്കത്തിലൂടെ ഒരു മധുരമുള്ള ശബ്ദമായി സംസാരിക്കുന്നു) പണ്ടൊക്കെ എന്നെ സ്നേഹിക്കാൻ ഒരുപാട് പേരുണ്ടായിരുന്നു മക്കളേ... അതുകൊണ്ട് ഞാൻ അവർക്ക് കുളിർമ നൽകി. എന്നാൽ ഇന്ന് നിങ്ങൾ എന്നെ മറന്നു.

അപ്പു: (ചുറ്റും നോക്കി അത്ഭുതത്തോടെ) ആരാ... ആരാ സംസാരിക്കുന്നത്? ഇവിടെ നമ്മളല്ലാതെ വേറെ ആരുമില്ലല്ലോ!

പ്രകൃതി: ഞാൻ തന്നെയാണ്. നിങ്ങൾ ഇപ്പോൾ ഇരുന്ന് വിശ്രമിക്കുന്ന ഈ മണ്ണ്, നിങ്ങൾക്ക് തണൽ തരുന്ന ഈ മരം, നിങ്ങളെ തലോടുന്ന ഈ കാറ്റ്... ഞാൻ നിങ്ങളുടെ പ്രകൃതി.

മിന്നു: (കണ്ണുകൾ വിടർത്തി) പ്രകൃതിയോ? ഞങ്ങളോട് സംസാരിക്കുകയാണോ? വിശ്വസിക്കാൻ കഴിയുന്നില്ലല്ലോ!

പ്രകൃതി: അതേ മിന്നൂ, ഞാൻ നിങ്ങളോട് സംസാരിക്കുകയാണ്. കാരണം, എന്റെ വേദനകൾ തുറന്നുപറയാൻ എനിക്ക് നിങ്ങളുടെ പ്രായമുള്ള കുട്ടികളെയേ വിശ്വാസമുള്ളൂ. മുതിർന്നവർ എന്റെ ശബ്ദം കേൾക്കാത്തതുപോലെ നടിക്കുകയാണ്.

രംഗം 2: പ്രകൃതിയുടെ ആവലാതികൾ

രാഹുൽ: പ്രകൃതിയമ്മേ, എന്തിനാണ് അമ്മയ്ക്ക് ഇത്ര ദേഷ്യം? എന്തിനാണ് ഈ കടുത്ത ചൂടും, പെട്ടെന്നുണ്ടാകുന്ന പ്രളയവുമൊക്കെ ഞങ്ങൾക്ക് തരുന്നത്?

പ്രകൃതി: (ഒരു നെടുവീർപ്പോടെ) രാഹുൽ, ഞാൻ നിങ്ങളോട് ദേഷ്യം കാണിക്കുകയല്ല, മറിച്ച് വേദനകൊണ്ട് കരയുകയാണ്. നീ ഇപ്പോൾ നിലത്ത്ക്ക് വലിച്ചെറിഞ്ഞ ആ പ്ലാസ്റ്റിക് കവർ കണ്ടോ? അത് എന്റെ നെഞ്ചിലേക്കാണ് നീ എറിഞ്ഞത്. എനിക്ക് ശ്വാസം മുട്ടുന്നു.

മിന്നു: അയ്യോ, രാഹുൽ നീ അത് ചെയ്തത് തെറ്റാണ്. വേഗം അതെടുത്ത് നിന്റെ ബാഗിലിടൂ.

രാഹുൽ: (ലജ്ജയോടെ ആ കവർ എടുത്ത് മാറ്റുന്നു) ക്ഷമിക്കണം അമ്മേ, ഞാൻ ഇനി മേലാൽ പ്ലാസ്റ്റിക് പുറത്തേക്ക് വലിച്ചെറിയുകയില്ല.

അപ്പു: പക്ഷേ അമ്മേ, ഒരാൾ ഒരു പ്ലാസ്റ്റിക് കവർ ഇട്ടതുകൊണ്ട് ഇത്രയും വലിയ മാറ്റങ്ങൾ ഉണ്ടാകുമോ?

പ്രകൃതി: ഒരാളല്ല അപ്പു, കോടിക്കണക്കിന് മനുഷ്യർ ദിവസവും ഇത് ആവർത്തിക്കുന്നു. എന്റെ പച്ചപ്പ് നിറഞ്ഞ കാടുകൾ വെട്ടി വെളുപ്പിക്കുന്നു. കൂറ്റൻ കെട്ടിടങ്ങൾ പണിയുന്നു. പുഴകളിൽ മലിനജലം ഒഴുക്കുന്നു. എനിക്ക് നിങ്ങളെ തണുപ്പിക്കാൻ ആഗ്രഹമുണ്ട്, പക്ഷേ എന്റെ കൈകൾ നിങ്ങൾ തന്നെ അറുത്തുമാറ്റുകയല്ലേ?

മിന്നു: സങ്കടപ്പെടേണ്ട അമ്മേ, ഞങ്ങളുടെ പാഠപുസ്തകങ്ങളിൽ 'ആഗോളതാപനത്തെ' കുറിച്ച് പഠിക്കുന്നുണ്ട്. പക്ഷേ, അത് ഇത്രത്തോളം ഭീകരമാണെന്ന് ഇപ്പോഴാണ് മനസ്സിലായത്.

രംഗം 3: കുട്ടികളുടെ പ്രതിജ്ഞ

രാഹുൽ: ഞങ്ങൾ കുട്ടികൾ വിചാരിച്ചാൽ അമ്മയുടെ ഈ സങ്കടം മാറ്റാൻ കഴിയുമോ? ഞങ്ങൾ വളരെ ചെറിയവരല്ലേ?

പ്രകൃതി: (ഒരു മന്ദമാരുതനായി വന്ന് കുട്ടികളെ തലോടുന്നു) ഒരിക്കലുമല്ല. മാറ്റങ്ങൾ തുടങ്ങുന്നത് നിങ്ങളിലൂടെയാണ്. നിങ്ങൾ വിചാരിച്ചാൽ ഈ ഭൂമിയെ വീണ്ടും സുന്ദരമാക്കാൻ കഴിയും.

അപ്പു: ഞങ്ങൾക്ക് എന്ത് ചെയ്യാൻ കഴിയും അമ്മേ? പറഞ്ഞുതരൂ, ഞങ്ങൾ അത് ചെയ്യാം!

പ്രകൃതി: വളരെ ലളിതമായ കാര്യങ്ങൾ ചെയ്താൽ മതി.

പരിസ്ഥിതി ദിനത്തിൽ മാത്രമല്ല, എപ്പോൾ അവസരം കിട്ടിയാലും ഓരോ തൈകൾ നട്ടുപിടിപ്പിക്കുക.

പ്ലാസ്റ്റിക് ഉപയോഗം പരമാവധി കുറയ്ക്കുക.

വെള്ളവും വൈദ്യുതിയും ആവശ്യമില്ലാതെ പാഴാക്കരുത്.

നിങ്ങളെപ്പോലെ മറ്റ് കുട്ടികളിലും ഈ ബോധം ഉണ്ടാക്കുക.

മിന്നു: തീർച്ചയായും അമ്മേ! ഇത്തവണ എന്റെ ജന്മദിനത്തിന് കൂട്ടുകാർക്ക് മിഠായിക്ക് പകരം ഞാൻ ഓരോ ചെടി വീതം സമ്മാനമായി നൽകും.

രാഹുൽ: ഞാൻ ഇനി മുതൽ പേനയും കുപ്പികളും വാങ്ങുമ്പോൾ പുനരുപയോഗിക്കാൻ കഴിയുന്നവ മാത്രമേ വാങ്ങൂ. വീട്ടിൽ വെറുതെ കിടക്കുന്ന ലൈറ്റുകളും ഫാനുകളും ഞാൻ അണയ്ക്കും.

അപ്പു: ഞങ്ങൾ ഞങ്ങളുടെ സ്കൂളിലും വീട്ടിലും ഒരു 'ഗ്രീൻ ക്ലബ്ബ്' ഉണ്ടാക്കും. മുതിർന്നവർ മരം വെട്ടുമ്പോൾ ഞങ്ങൾ അതിനെതിരെ ശബ്ദമുയർത്തും.

രംഗം 4: പ്രത്യാശയുടെ പുതിയ പുലരി

പ്രകൃതി: (സന്തോഷത്തോടെ ഇലകൾ അനക്കി) മക്കളേ, നിങ്ങളുടെ ഈ വാക്കുകൾ കേട്ടപ്പോൾ എന്റെ ഉള്ളം തണുത്തു. നിങ്ങളെപ്പോലെയുള്ള തലമുറയിലാണ് എന്റെ പ്രതീക്ഷ.

മിന്നു: അമ്മേ, ഞങ്ങൾ ഇത്രയും കാലം ചെയ്ത തെറ്റുകൾക്ക് മാപ്പ് തരിക. ഇനി ഞങ്ങൾ അമ്മയെ കാത്തുസൂക്ഷിക്കും.

രാഹുൽ: അതെ, അമ്മ സുരക്ഷിതയാണെങ്കിൽ മാത്രമേ ഞങ്ങൾക്ക് ഇവിടെ ജീവിക്കാൻ കഴിയൂ എന്ന് ഞങ്ങൾ തിരിച്ചറിയുന്നു.

അപ്പു: ഇനി ഞങ്ങൾ വെറും മനുഷ്യരല്ല, പ്രകൃതിയുടെ കാവൽക്കാരാണ്!

പ്രകൃതി: നന്ദി മക്കളേ... നിങ്ങളുടെ യാത്ര ശുഭകരമാകട്ടെ. ഈ മാമ്പഴങ്ങൾ നിങ്ങൾക്കായി ഞാൻ കരുതിവെച്ചതാണ്, കഴിച്ചു നോക്കൂ.

പെട്ടെന്ന് മരത്തിൽ നിന്ന് മൂന്ന് പഴുത്ത മാമ്പഴങ്ങൾ അവർക്ക് മുന്നിലേക്ക് വീഴുന്നു. കുട്ടികൾ സന്തോഷത്തോടെ അത് കൈക്കലാക്കുന്നു. പ്രകൃതിയോട് കൈവീശി അവർ വീട്ടിലേക്ക് നടക്കുന്നു

അർത്ഥം

1. തണൽ = നിഴൽ
2. കുളിർമ = തണുപ്പ്
3. ആവലാതി = സങ്കടം / പരാതി
4. ഭീകരം = ഭയമുണർത്തുന്നത് / കഠിനമായ
5. പ്രത്യാശ = പ്രതീക്ഷ

പര്യായപദം

1. പ്രകൃതി = ഭൂമി, ധരണി, വിശ്വം
2. മരം = വൃക്ഷം, തരു, പാദപം
3. കാറ്റ് = വായു, മാരുതൻ, അനിൽ
4. വെള്ളം = ജലം, ഉദകം, നീര്
5. സൂര്യൻ = ആദിത്യൻ, രവി, ഭാനു

വിപരീതപദം

1. സുരക്ഷിതം × അസുരക്ഷിതം
2. സങ്കടം × സന്തോഷം
3. വിശ്വാസം × അവിശ്വാസം
4. പഴയത് × പുതിയത്
5. വലിയ × ചെറിയ
6. ചൂട് × തണുപ്പ്

ഉത്തരംഎഴുതുക

1. അപ്പുവിന് വലിയ ചൂടിൽ നിന്ന് ആശ്വാസം ലഭിച്ചത് എവിടെ എത്തിയപ്പോഴാണ്?

2. പ്രകൃതിയമ്മ എന്തുകൊണ്ടാണ് തനിക്ക് വേദനിക്കുന്നു എന്ന് പറയുന്നത്?

3. ജന്മദിനത്തിൽ കൂട്ടുകാർക്ക് എന്ത് സമ്മാനം നൽകാനാണ് മിന്നു തീരുമാനിച്ചത്?

4. മാറ്റങ്ങൾ തുടങ്ങേണ്ടത് ആരിലൂടെയാണെന്നാണ് പ്രകൃതി കുട്ടികളോട് പറയുന്നത്

5. പ്രകൃതി തങ്ങളെ തലോടിയപ്പോൾ കുട്ടികൾക്ക് എന്ത് ബോധ്യമാണ് ഉണ്ടായത്?

1. ഉച്ചരിച്ച് നോക്കാം

കെ
ങെ
ചെ
ഞെ
ടെ
ണെ
തെ
നെ
പെ
മെ
യെ
രെ
ലെ
വെ
ശെ
ഷെ
സെ
ഹെ
ളെ
ഴെ
റെ

2. അക്ഷരങ്ങൾ വായിക്കാം

കെ	ങെ	ചെ	ഞെ	ടെ	ണെ	തെ
നെ	പെ	മെ	യെ	രെ	ലെ	വെ
ശെ	ഷെ	സെ	ഹെ	ളെ	ഴെ	റെ

3. ചേർത്ത് വായിക്കാം

ക് + എ	ങ് + എ	ച് + എ	ഞ് + എ	ട് + എ	ണ് + എ
ത് + എ	ന് + എ	ച് + എ	മ് + എ	യ് + എ	ര് + എ
ല് + എ	വ് + എ	ശ് + എ	ഷ് + എ	സ് + എ	ഹ് + എ
	ള് + എ	ഴ് + എ	റ് + എ		

4. പദങ്ങൾ വായിക്കാം

മെഴുകുതിരി

മെ → മെ
മെ + ഴു → മെഴു
മെഴു + കു → മെഴുകു
മെഴുകു + തി → മെഴുകുതി
മെഴുകുതി + രി → മെഴുകുതിരി

നെറ്റിപ്പട്ടം

നെ → നെ
നെ + റ്റി → നെറ്റി
നെറ്റി + പ്പ → നെറ്റിപ്പ
നെറ്റിപ്പ + ട്ടം → നെറ്റിപ്പട്ടം

നെയ്യപ്പം | തെങ്ങോല | ചെങ്കാന്തൾ | കെട്ടിടം
തെച്ചിപ്പൂവ് | പെരുമ | വെളിച്ചം | നെറ്റിപ്പട്ടം
ചെമ്പരത്തി | പെൻസിൽ | വെളിച്ചം | ചെരുപ്പ്

5. വാക്യങ്ങൾ വായിക്കാം

ഞാൻ നെയ്യപ്പം കഴിച്ചു
നെറ്റിപ്പട്ടം കെട്ടിയ ആന
ഞാൻ നെൽകൃഷി ചെയ്തു
നെൽപ്പാടം നിറയെ ചെടികളും കളകളും നിറഞ്ഞു കാണപ്പെട്ടു

1. ഉച്ചരിച്ച് നോക്കാം

കേ
ങ്കേ
ചേ
ഞ്ചേ
ടേ
ണേ
തേ
നേ
പേ
മേ
യേ
രേ
ലേ
വേ
ശേ
ഷേ
സേ
ഹേ
ളേ
ഴേ
റേ

2. അക്ഷരങ്ങൾ വായിക്കാം

കേ ങ്കേ ചേ ഞ്ചേ ടേ ണേ തേ
നേ പേ മേ യേ രേ ലേ വേ
ശേ ഷേ സേ ഹേ ളേ ഴേ റേ

3. ചേർത്ത് വായിക്കാം

ക് + ഏ	ങ് + ഏ	ച് + ഏ	ഞ് + ഏ	ട് + ഏ	ണ് + ഏ
ത് + ഏ	ന് + ഏ	പ് + ഏ	മ് + ഏ	യ് + ഏ	ര് + ഏ
ല് + ഏ	വ് + ഏ	ശ് + ഏ	ഷ് + ഏ	സ് + ഏ	ഹ് + ഏ
	ള് + ഏ	ഴ് + ഏ	റ് + ഏ		

4. പദങ്ങൾ വായിക്കാം

കേരവ്യക്ഷം

കേ → കേ
കേ + ര → കേര
കേര + വ്യ → കേരവ്യ
കേരവ്യ + ക്ഷം → കേരവ്യക്ഷം

ചേന	മേഘം	വേഷം	ഹേമന്തം
മേശ	തേനീച്ച	നേരം	കേരളം
റേഡിയോ	പേരയ്ക്ക	ദേശാടനം	പേടകം

5. വാക്യങ്ങൾ വായിക്കാം

പശു മേയുന്നു
മേഘം കറുത്തു
തേനീച്ച പറന്നു
കേരളത്തിൽ ധാരാളം കേരങ്ങൾ തിങ്ങിനിറഞ്ഞു കാണാം

1. ഉച്ചരിച്ച് നോക്കാം

കൈ
ങ്കൈ
ചൈ
ഞ്ചൈ
ടൈ
ണ്ടൈ
തൈ
നൈ
പൈ
മ്പൈ
യ്യൈ
രൈ
ലൈ
വ്വൈ
ശൈ
ഷ്ഷൈ
സൈ
ഹൈ
ള്ളൈ
ഴ്ഴൈ
റൈ

2. അക്ഷരങ്ങൾ വായിക്കാം

കൈ ങ്കൈ ചൈ ഞ്ചൈ ടൈ ണ്ടൈ തൈ
നൈ പൈ മ്പൈ യ്യൈ രൈ ലൈ വ്വൈ
ശൈ ഷ്ഷൈ സൈ ഹൈ ള്ളൈ ഴ്ഴൈ റൈ

3. ചേർത്ത് വായിക്കാം

ക് + ഐ	ങ് + ഐ	ച് + ഐ	ഞ് + ഐ	ട് + ഐ	ണ് + ഐ
ത് + ഐ	ന് + ഐ	പ് + ഐ	മ് + ഐ	യ് + ഐ	ര് + ഐ
ല് + ഐ	വ് + ഐ	ശ് + ഐ	ഷ് + ഐ	സ് + ഐ	ഹ് + ഐ
	ള് + ഐ	ഴ് + ഐ	റ് + ഐ		

4. പദങ്ങൾ വായിക്കാം

ചൈന
ചൈ → ചൈ
ചൈ + ന → ചൈന

മൈന
മൈ → മൈ
മൈ + ന → മൈന

തൈലം
തൈ → തൈ
തൈ + ലം → തൈലം

ശൈത്യം
ശൈ → ശൈ
ശൈ + ത്യം → ശൈത്യം

മൈലാഞ്ചി തൈലം കൈലാസം സൈന്യം

മൈതാനം തൈമാവ് കൈതച്ചക്ക സൈക്കിൾ

വൈദ്യൻ വൈഡൂര്യം

5. വാക്യങ്ങൾ വായിക്കാം

മൈതാനത്തിൽ മൈലാഞ്ചി

പൈതൽ കൈ ഉയർത്തുന്നു

മൈതാനത്തിൽ പൈതലുകൾ തൈ നടാൻ പോയി

1. ഉച്ചരിച്ച് നോക്കാം

കൊ
ങ്ങൊ
ചൊ
ഞൊ
ടൊ
ണൊ
തൊ
നൊ
പൊ
മൊ
യൊ
രൊ
ലൊ
വൊ
ശൊ
ഷൊ
സൊ
ഹൊ
ളൊ
ഴൊ
റൊ



2. അക്ഷരങ്ങൾ വായിക്കാം

കൊ ങ്ങൊ ചൊ ഞൊ ടൊ ണൊ തൊ
നൊ പൊ മൊ യൊ രൊ ലൊ വൊ
ശൊ ഷൊ സൊ ഹൊ ളൊ ഴൊ റൊ



3. ചേർത്ത് വായിക്കാം

ക് + ഒ	ങ് + ഒ	ച് + ഒ	ഞ് + ഒ	ട് + ഒ	ണ് + ഒ
ത് + ഒ	ന് + ഒ	പ് + ഒ	മ് + ഒ	യ് + ഒ	ര് + ഒ
ല് + ഒ	വ് + ഒ	ശ് + ഒ	ഷ് + ഒ	സ് + ഒ	ഹ് + ഒ
	ള് + ഒ	ഴ് + ഒ	റ് + ഒ		



4. പദങ്ങൾ വായിക്കാം

കൊ ടി മ രം
തൊ ട്ടാ വാ ടി
തൊ ട്ടി ൽ
പൊ തി ച്ചോ റ്



മൊട്ട്	പൊരി	തൊട്ടാവാടി
ഞൊടി	കൊട്ട്	മൊന്ത
തൊഴുത്ത്	കൊട്ടാരം	കൊതുക്
തൊട്ടിൽ	കൊട്ടിൽ	ഞൊടി

5. വാക്യങ്ങൾ വായിക്കാം



ഞാൻ പൊതിച്ചോറ് കഴിച്ചു

തൊഴുത്തിൽ പശുവിനെ കെട്ടി

വയലിൽ കൊറ്റിയെ കണ്ടു

കൊമ്പു കുലുക്കി പൊടി പറത്തി ആന ഓടി വന്നു

1. ഉച്ചരിച്ച് നോക്കാം

കോ
ങ്ങോ
ചോ
ഞ്ഞോ
ടോ
ണോ
തോ
നോ
പോ
മോ
യോ
രോ
ലോ
വോ
ശോ
ഷോ
സോ
ഹോ
ളോ
ഴോ
റോ



2. അക്ഷരങ്ങൾ വായിക്കാം



കോ ങ്ങോ ചോ ഞ്ഞോ ടോ ണോ തോ
നോ പോ മോ യോ രോ ലോ വോ
ശോ ഷോ സോ ഹോ ളോ ഴോ റോ

3. ചേർത്ത് വായിക്കാം



ക് + ഓ	ങ് + ഓ	ച് + ഓ	ഞ് + ഓ	ട് + ഓ	ണ് + ഓ
ത് + ഓ	ന് + ഓ	ച് + ഓ	മ് + ഓ	യ് + ഓ	ര് + ഓ
ല് + ഓ	വ് + ഓ	ശ് + ഓ	ഷ് + ഓ	സ് + ഓ	ഹ് + ഓ
	ള് + ഓ	ഴ് + ഓ	റ് + ഓ		

4. പദങ്ങൾ വായിക്കാം

കോ ടാ ലി

ഗോ പു രം

തോ ര ണം

മോ തി രം



ചോളം	കോഴി	തോണി	കോമളം
ലോറി	ലോകം	പോത്ത്	മോര്
മോതിരം	തോരണം	സോപാനം	ഗോപുരം

5. വാക്യങ്ങൾ വായിക്കാം



ഞാൻ പോരാടി ജയിച്ചു

ഞാൻ റോസാപ്പൂവ് വാങ്ങി

കോടാലി കൊണ്ട് മരം വെട്ടി

വിരലിൽ സ്വർണ്ണ മോതിരം ധരിക്കാൻ ചോതിക്ക് ആഗ്രഹം

1. ഉച്ചരിച്ച് നോക്കാം

കൗ
ങൗ
ചൗ
ഞൗ
ടൗ
ണൗ
തൗ
നൗ
പൗ
മൗ
യൗ
രൗ
ലൗ
വൗ
ശൗ
ഷൗ
സൗ
ഹൗ
ളൗ
ഴൗ
റൗ



2. അക്ഷരങ്ങൾ വായിക്കാം



കൗ ങൗ ചൗ ഞൗ ടൗ ണൗ തൗ
നൗ പൗ മൗ യൗ രൗ ലൗ വൗ
ശൗ ഷൗ സൗ ഹൗ ളൗ ഴൗ റൗ

3. ചേർത്ത് വായിക്കാം



ക് + ഔ	ങ് + ഔ	ച് + ഔ	ഞ് + ഔ	ട് + ഔ	ണ് + ഔ
ത് + ഔ	ന് + ഔ	പ് + ഔ	മ് + ഔ	യ് + ഔ	ര് + ഔ
ല് + ഔ	വ് + ഔ	ശ് + ഔ	ഷ് + ഔ	സ് + ഔ	ഹ് + ഔ
	ള് + ഔ	ഴ് + ഔ	റ് + ഔ		

4. പദങ്ങൾ വായിക്കാം

കൗ ശ ലം

ഔ ചി ത്യം

ഔ വ്വ യാ ർ



മൗനം നൗക പൗർണമി ശൗര്യം

സൗന്ദര്യം പൗരൻ കൗതുകം ഔഷധം

5. വാക്യങ്ങൾ വായിക്കാം



കൗശലക്കാരൻ കുറുക്കൻ കൂകി വിളിച്ചു

ഞാൻ ഔഷധം വാങ്ങി

പൗർണമി രാവിൽ വവ്വാലുകൾ പറന്നു

വവ്വാൽ മരത്തിൽ തലകീഴായി തൂങ്ങി കിടക്കുന്നത് സൗമ്യ കൗതുകത്തോടെ നോക്കി നിന്നു

മൂന്നാം ക്ലാസിലെ കൊച്ചുകൂട്ടുകാർക്ക് എളുപ്പത്തിൽ മനസ്സിലാക്കാനും ജീവിതത്തിൽ പകർത്താനും സാധിക്കുന്ന ചില ലളിതമായ പഴഞ്ചൊല്ലുകളും അവയുടെ അർത്ഥവും താഴെ പറയുന്നു:

1. മിന്നുന്നതെല്ലാം പൊന്നല്ല

അർത്ഥം : പുറമേ കാണുന്ന ഭംഗി കണ്ട് നമ്മൾ ഒന്നിനെയും വിലയിരുത്തരുത്. ചിലപ്പോൾ പുറമേ നല്ലതെന്ന് തോന്നുന്ന കാര്യങ്ങൾ ഉള്ളിൽ അത്ര നല്ലതായിരിക്കില്ല.

2. തുള്ളിക്കൊരുകുടം പെരുമഴ

അർത്ഥം : ചെറിയ ചെറിയ തുള്ളി വെള്ളം ചേർന്നതാണ് വലിയ മഴയാകുന്നത്. അതുപോലെ നമ്മൾ ചെയ്യുന്ന ചെറിയ നല്ല കാര്യങ്ങളും ചെറിയ സമ്പാദ്യങ്ങളും പിന്നീട് വലിയ വിജയമായി മാറും.

3. അണ്ണാൻ കുഞ്ഞും തന്നാലായത്

അർത്ഥം : വലിയ കാര്യങ്ങൾ ചെയ്യാൻ പറ്റിയില്ലെങ്കിലും, നമ്മളെക്കൊണ്ട് കഴിയുന്ന ചെറിയ സഹായങ്ങൾ മറ്റുള്ളവർക്ക് ചെയ്തു കൊടുക്കണം. ചെറിയ സഹായങ്ങൾക്കും വലിയ വിലയുണ്ട്.

4. മടിയൻ മല ചുമക്കും

അർത്ഥം : അലസത കാണിക്കുന്നവർക്ക് ഒടുവിൽ ഒന്നിച്ച് ഒരുപാട് ജോലി ചെയ്യേണ്ടി വരും. അതുകൊണ്ട് അന്നന്നത്തെ പണികൾ അന്നന്നുതന്നെ ചെയ്തുതീർക്കണം.

5. കൂടെയുണ്ടെങ്കിൽ കാട്ടുമല്ലി

അർത്ഥം : നല്ല കൂട്ടുകാരുണ്ടെങ്കിൽ നമുക്ക് ഏത് വലിയ പ്രതിസന്ധിയെയും എളുപ്പത്തിൽ മറികടക്കാൻ സാധിക്കും. ഒത്തൊരുമയുടെ ശക്തിയാണ് ഇത് സൂചിപ്പിക്കുന്നത്.

അധ്യാപകക്കുറിപ്പ് : അധ്യാപകർ വിദ്യാർത്ഥികൾക്ക് പഴഞ്ചൊല്ലുകൾ പറഞ്ഞുകൊടുത്ത് അതിന്റെ അർത്ഥം മനസ്സിലാക്കിക്കൊടുക്കേണ്ടതാണ്.

അക്ഷരമാല

സ്വരങ്ങൾ

അ	ആ	ഇ	ഈ
ഉ	ഊ	ഋ	
എ	ഏ	ഐ	
ഒ	ഓ	ഔ	

അനുസ്വാരം | അം | അഃ | വിസർഗം

വ്യഞ്ജനാക്ഷരങ്ങൾ

ക	ഖ	ഗ	ഘ	ങ
ച	ഛ	ജ	ഝ	ഞ
ട	ഠ	ഡ	ഢ	ണ
ത	ഥ	ദ	ധ	ന
പ	ഫ	ബ	ഭ	മ
യ	ര	ല	വ	
ശ	ഷ	സ		
ഹ				
ള	ഴ	റ		

Standard 3 - Term-II - Textbook Development Team - Malayalam

Co-ordinator

Dr. T. Jayagandhi,
Senior Lecturer,
SCERT, Chennai Dist.

Subject Experts

Dr. P.M. Girish
Prof. in Malayalam Language,
Madras University,
Chennai Dist.

Reviewers

Shaji M.R
PG. ASST,
St. Thomas HSS,
Coimbatore Dist.

Sreehari. R
PG. ASST,
Kerala Vidyalayam H.S.S,
Chennai Dist.

Authors

R.N. Krishnan,
Sec. Grade Teacher,
Aided Primary School, Mottakkala,
Kanniyakumari Dist.

Sreeja V.R.
Sec. Grade Teacher,
Kerala Vidyalayam Primary School,
PH Road, Chennai Dist.

Deepu. V
Sec. Grade Teacher,
P.U.P.S, Pandalur, Gudalur Block,
The Nilgiris.

Art and Design Team

M. Amalraj,
Layout Coordinator,
BT Asst., SCERT, Chennai Dist.

M.A. Manikaraj Prabahar, Designer
C. Jerald Wilson, Designer

Illustration

S.Rameshkumar

Pramoth balu

Cover design

Kathir Arumugam

This book has been printed on 80 G.S.M.
Elegant Maplitho paper.

Printed by offset at: